# ആത്മപ്രകാശിനി

## 2016 ഫെബ്രുവരി

**ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട്. ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി സഹകരിക്കുകയും ചെയ്യേണ്ടതാണ്**

ആത്മപ്രകാശിനി മാസിക മുടക്കം കൂടാതെ വായനക്കാരുടെ കരങ്ങളിൽ എത്തിക്കുവാൻ സാധിക്കുന്നതിൽ സന്തോഷിക്കുന്നു. എന്നാൽ പ്രസിദ്ധീകരണ ചെലവുകൾ വളരെ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ വരിസംഖ്യ മുടങ്ങാതെ ലഭിച്ചാൽ മാത്രമേ പ്രവർത്തനം സുഗമമായി നടത്തുവാൻ സാധിക്കുകയുള്ളൂ. ആത്മപ്രകാശിനി വാർഷിക വരിസംഖ്യ വർദ്ധിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കുടിശികക്കാരായ വിദേശത്തുള്ളവരും അല്ലാത്തവരുമായ വരിക്കാർ ദയവായി കുടിശികയും ഈ വർഷത്തെ വരിസംഖ്യയും ചേർത്ത് അയച്ചു തന്ന് സഹകരിക്കണമേ. വിദേശത്തുള്ളവർ ചെറിയ തുകകൾക്ക് ഡോളർ ചെക്ക് അയയ്ക്കാതിരിക്കുന്നത് നന്ന്. ആത്മപ്രകാശിനിയുടെ S.B. A/c IOB Kumbanad Bank No. 043601000001492 IFSC No. IOB A 0000436 ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നവർ വിവരം ആഫീസിൽ അറിയിക്കേണ്ടതുമാണ് (മാനേജർ)

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 043601000001492**
**IFS Code: IOBA0000436**
**DD should be in favour of "Athmaprakashini, Kumbanad"**

# Athmaprakashini

# അകത്താളുകളിൽ


**ഭിന്നതവെടിയാം ഒന്നാകാം** ......................
കെ. എ. ഫിലിപ്പ് ............................................3

**വെളിപ്പാടു പുസ്തകം** ............................
ഡോ. ഒ.എം. ശാമുവേൽ ............................5

**റോമർക്ക് എഴുതിയ ലേഖനം** ................
ജേക്കബ് തോമസ് ........................................7

**വളരുന്ന സഭയുടെ ലക്ഷണങ്ങൾ** ...........
യോഹന്നാൻ എബ്രഹാം ..........................10

**ദൈവിക തേജസ്സ് ലഭിക്കുന്നതിന്റെ** .........
ഉമ്മൻ ജോർജ്ജ്..............................................12

**സങ്കീർത്തനങ്ങൾക്ക് ഒരു മുഖവുര** .........
ഡോ. മാത്യു വർഗ്ഗീസ് ................................13

**ആശക്കു വിരോധമായി ആശയോടെ** ........
കെ. കമലം ......................................................15

**പത്തായം**..................................................
ധർമ്മരാജ് ജി ..................................................17

**അഭിഷേകം** ..............................................
തോമസ് എബ്രഹാം ....................................18

**Local Assembly Oversight**...........................
Rajan Thomas .....................................19

**വാർത്തകളും കുറിപ്പുകളും**........................22


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXXV** **No.2**

## 2016 ഫെബ്രുവരി

*എഡിറ്റർ*
ഡോ. ഒ.എം. ശാമുവേൽ

*അസോസിയേറ്റ് എഡിറ്റേഴ്സ്*
കെ. എ. ഫിലിപ്പ്
ഡോ. കെ.സി. ജോൺസൺ

*പബ്ലിഷർ & മാനേജർ*
സി. എ. ജോർജ്ജ്

*പ്രിന്റിങ്*
ഇവാഞ്ചൽ പ്രസ്സ്, തിരുവല്ല
ഫോൺ: 0469 2630223, 2605121

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 100 രൂപ (മുൻകൂർ)
വിദേശത്ത് : 1000 രൂപ (മുൻകൂർ)

*ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം*
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 3206101 (R)
9947740176 (Mob)

E- mail : - athmaprakashini@gmail.com

# "ഭിന്നതവെടിയാം ഒന്നാകാം"

കെ.എ. ഫിലിപ്പ്, മൈലപ്ര

വിശ്വാസികൾ ഒത്തു ചേർന്ന് സ്വരച്ചേർച്ചയിൽ ആലപിക്കേണ്ട ഒരു ഗാനം എന്നതിലുമുപരി ക്രിസ്തീയ ജീവിതത്തിന് മാർഗ്ഗരേഖയായ ഒരു മുദ്രാവാക്യം കൂടിയായിരിക്കണം ഈ ലേഖനത്തിന്റെ തലക്കെട്ട്. കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യങ്ങളിലൊന്ന് വിശ്വാസികളുടെ ഒരുമയാണ്. "ഒരു വീട് തന്നിൽ തന്നെ ഛിദ്രിച്ചു എങ്കിൽ ആ വീടിനു നിലനിൽപ്പാൻ കഴികയില്ല" (മർക്കൊസ് 3:25). വിശ്വാസികളുടെയും സഭകളുടെയും നിലനിൽപ്പിന്റെ പ്രശ്നമാണ് നമ്മുടെ ചിന്താവിഷയം. ഇതിൽ ഒരു ആത്മപരിശോധന നടത്തേണ്ടത് ഒഴിച്ചുകൂടാത്ത ഒരു ആവശ്യമായിരിക്കുന്നു.

അപ്പൊസ്തലനായ പൗലൊസ് ഫിലിപ്പ്യയിലെ തന്റെ പ്രിയ സ്നേഹിതർക്ക് ഇങ്ങനെയാണ് എഴുതുന്നത്: "ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസ്സലിവും ഉണ്ടെങ്കിൽ നിങ്ങൾ ഏകമനസ്സുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ. ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ" (ഫിലി. 2:1-3). "ക്രിസ്തുവിലുള്ള ഒരു മനുഷ്യൻ" എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഒരു മഹാമനുഷ്യന്റെ യാചനയാണ് നാം ഇവിടെ കാണുന്നത്. വിശ്വാസികളുടെ ഐകമത്യത്തിനു വേണ്ടിയുള്ള ആത്മവേദനയും ഹൃദയവാഞ്ഛയും ആണ് അതു വ്യക്തമാക്കുന്നത്. ഫിലിപ്പ്യരുടെ ഒരുമ മാത്രമേ പൗലോസിന് സമ്പൂർണ്ണ സന്തോഷം നൽകുകയുള്ളു.

**ജീവിതത്തിൽ ആത്മാവിന്റെ ഫലം നിറഞ്ഞ ക്രിസ്തു മനസ്സുകളായിരിക്കട്ടെ നമ്മുടെ സഭാപരിപാലന, ശുശ്രൂഷകവൃന്ദം. ഒപ്പം അവരോട് ചേർന്ന് പോകുന്ന വിശ്വാസസമൂഹവും. ഓരോ പ്രാദേശിക സഭയും ജീവപ്രകാശം പരത്തുന്ന ആത്മീയ ജീവഘടനയായി അവിടവിടെ ശോഭിച്ചു നിലകൊള്ളും. ഈ സഭകൾ തമ്മിൽ സഹകരിച്ചും ഒത്തു പ്രവർത്തിച്ചും പോകുമ്പോൾ സുവിശേഷത്തിന്റെ അഭിവൃദ്ധിയും ആത്മാക്കളുടെ രക്ഷയുമായിരിക്കും ഫലം.**

പൗലൊസിന് വളരെ പ്രിയപ്പെട്ടതും പ്രത്യക്ഷമായി ഒരു കുറ്റവും എടുത്തു കാണിക്കാനില്ലാത്തതുമായ ഫിലിപ്പ്യ സഭയോട് ഇത്ര വികാരഭരിതനായി അപേക്ഷിക്കുന്നതിനു കാരണമെന്താണ്? സഭയിലെ രണ്ട് നല്ല ആത്മീകരായ സഹോദരിമാർ തമ്മിലുണ്ടായിരുന്ന സ്വരച്ചേർച്ച സഭയ്ക്കു ദോഷം ചെയ്തു തുടങ്ങി എന്ന് പൗലൊസിന് അറിവുകിട്ടി. ഈ ലേഖനം അവരെ തമ്മിൽ യോജിപ്പിക്കാൻ സഹായിച്ചു എന്നു നമുക്ക് വിശ്വസിക്കാം. പൗലൊസ് ലേഖനത്തിൽ "സാക്ഷാൽ ഇണയാളിയായുള്ളോവേ നീ അവർക്ക് തുണനിൽക്കേണം" എന്ന് അപ്പോൾ ഫിലിപ്പ്യയിലുള്ള ലൂക്കൊസിനോടാണ് പറഞ്ഞതെന്നും ലൂക്കൊസിന്റെ സഹായവും ആ അനുരഞ്ജനത്തിന് സഹായകമായി എന്നും വിചാരിക്കാം. ഫിലിപ്യസഭയുടെ സ്ഥാപനത്തിൽ ലൂക്കൊസ് പൗലോസിനോട് കൂടെ ഉണ്ടായിരുന്നു എന്നുള്ളതുകൊണ്ടാകാം ലൂക്കൊസിനെ ആ വിശേഷണത്തിൽ സംബോധന ചെയ്തിരിക്കുന്നത്.

നാം ഐകമത്യപ്പെടേണ്ടതിന്റെ അടിസ്ഥാനതത്ത്വങ്ങൾ പൗലൊസ് എണ്ണി എണ്ണി പറയുന്നു; എല്ലാം ക്രിസ്തുവിൽ, ക്രിസ്തുമുഖാന്തരം ഉള്ളത്; ക്രിസ്തുയേശുവിലുള്ള ഭാവം അതിൽ അതിപ്രധാനം. ഈ മാനദണ്ഡങ്ങൾ വെച്ച് നമ്മുടെ സ്വകാര്യ സഭാജീവിത ശൈലി നാം പരിശോധിക്കേണ്ടിയിരിക്കുന്നു. ഒരു വാദത്തിന്റെ സന്ദർഭമുണ്ടാകുമ്പോൾ അതിൽ ജയിച്ചോ, ഇല്ലയോ എന്നല്ല, ഒരു സഹോദരനെയോ, ശുശ്രൂഷയെയോ നേടിയോ അതോ നഷ്ടപ്പെടുത്തിയോ എന്നതായിരിക്കും ക്രിസ്തുവിന്റെ

ന്യായാസനത്തിൽ നമുക്കു ബോധിപ്പിക്കേണ്ടിവരിക. നാം കണക്കുകൊടുക്കേണ്ടവരാണ് എന്നുള്ളത് പലപ്പോഴും മറന്നു പോകുന്നു. ശാഠ്യം, ദുരഭിമാനം, വിനയമില്ലായ്മ, വ്യക്തിനിന്ദ മുതലായവ എല്ലാം തന്നെ ഏകസ്നേഹത്തിനും ഏകഭാവത്തിനും ഒക്കെ എതിരാണ്.

ക്രിസ്ത്രീയ നേതൃത്വത്തെപ്പറ്റിയുള്ള ശരിയായ ധാരണയില്ലായ്മ വളരെ ദോഷം ചെയ്യുന്നുണ്ട്. കർത്താവു പഠിപ്പിച്ച സേവനനേതൃത്വം (servant leadership) പലരും ഓർക്കാറില്ല. ലോകത്തിലെ നേതാക്കന്മാർ അധികാരികളാണ്, ക്രിസ്തീയ നേതാക്കന്മാർ ശുശ്രൂഷകരും. ലോകസങ്കൽപ്പത്തിനു നേരെ വിപരീതമായ ഈ ആശയം കർത്താവു പഠിപ്പിക്കുകയും അതു ജീവിതമാക്കുകയും ചെയ്തു. "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമത്രേ വന്നത്" (മർക്കൊസ് 10:45). ജീവിതത്തിൽ ആത്മാവിന്റെ ഫലം നിറഞ്ഞ ക്രിസ്തു മനസ്സുകളായിരിക്കട്ടെ നമ്മുടെ സഭാപരിപാലന, ശുശ്രൂഷകവൃന്ദം. ഒപ്പം അവരോട് ചേർന്ന് പോകുന്ന വിശ്വാസസമൂഹവും. ഓരോ പ്രാദേശിക സഭയും ജീവപ്രകാശം പരത്തുന്ന ആത്മീയ ജീവഘടനയായി അവിടവിടെ ശോഭിച്ചു നിലകൊള്ളും. ഈ സഭകൾ തമ്മിൽ സഹകരിച്ചും ഒത്തു പ്രവർത്തിച്ചും പോകുമ്പോൾ സുവിശേഷത്തിന്റെ അഭിവൃദ്ധിയും ആത്മാക്കളുടെ രക്ഷയുമായിരിക്കും ഫലം.

നമ്മുടെ തൽക്കാല സ്ഥിതിയിൽ നിന്ന് വ്യത്യാസം വന്ന് നാം പറഞ്ഞു വന്ന രീതിയിൽ നാം ഒരു ചലനാത്മക (vibrant) കൂട്ടമാകാൻ എന്തു ചെയ്യണം? അതിന് എന്താണ് മാർഗ്ഗം? പ്രാർത്ഥനയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. എല്ലാ പ്രാദേശിക സഭകളും മുട്ടിന്മേൽ വീഴേണ്ടിയിരിക്കുന്നു. ദാനീയേൽ, എസ്രാ, നെഹമ്യാവ് എന്നിവരുടെ മാതൃകയിലുള്ള പ്രാർത്ഥനയാണു വേണ്ടത്. "മറ്റുള്ളവരെക്കാൾ ഞാൻ വിശുദ്ധൻ" എന്ന മനോഭാവത്തിൽ പ്രാർത്ഥിക്കുകയേ വേണ്ട; ഒരു പ്രയോജനവും ഉണ്ടാകുകയില്ല. "ഞാനും എന്റെ സഹോദരന്മാരും പാപം ചെയ്തു" എന്നു തന്നെ ആത്മാർത്ഥമായി സമ്മതിച്ച് ഏറ്റു പറഞ്ഞു പ്രാർത്ഥിക്കുകയാണു വേണ്ടത്. എത്രനാൾ പ്രാർത്ഥിക്കണമെന്നും പ്രാർത്ഥനാ കൂടിവരവിന്റെ വിധവും മറ്റും എന്തായിരിക്കണമെന്നും അതാതു സഭകൾ തീരുമാനിക്കട്ടെ. ഇതിൽ നമ്മെ സഹായിക്കാൻ കഴിയുന്ന സഹോദരന്മാർ നമുക്കുണ്ട്. അവരുടെ സേവനവും നമുക്ക് ഉപയോഗിക്കാം. ഇത് ഒരു ആത്മീയ ഉണർവിന് കാരണമാകുക തന്നെ ചെയ്യും. അപ്പോൾ പ്രാദേശിക സഭകളിൽ പ്രവർത്തകരും പ്രവർത്തനങ്ങളുമുണ്ടാകും. അത് നമ്മുടെ കൂട്ടായ ശുശ്രൂഷകൾക്ക് അർത്ഥവും ആവേശവും നൽകും. നമ്മുടെ കൂട്ടായ സുവിശേഷയത്നങ്ങളും വചനപ്രഘോഷണ സംവിധാനങ്ങളും ദിവ്യശക്തിയാർജ്ജിക്കും. വ്യക്തികളിൽ തുടങ്ങി സ്ഥലം സഭകളിൽ കൂടി കേരളത്തിൽ മാത്രമല്ല ഇൻഡ്യയിലാകമാനം ഒരു ആത്മീയ നവോത്ഥാനം ഉണ്ടാകാൻ ഈ നിരന്തര പ്രാർത്ഥനാ "പോരാട്ടം" മൂലം ദൈവം ഇടയാക്കും.

നമ്മുടെ ഈ പ്രാർത്ഥനാ വലയത്തെ ഒരു ആഗോള "പ്രേയർ നെറ്റ് വർക്ക്" ആയി മാറ്റാൻ ഇന്ന് എളുപ്പമാണല്ലൊ. സോഷ്യൽ മീഡിയായിലെ അപകട മേഖലകൾ തികച്ചും ഒഴിവാക്കിക്കൊണ്ട് ആത്മീയ ഉണർവ്, വിശ്വാസികളുടെ ഹൃദയയോജിപ്പ്, സുവിശേഷവൽക്കരണം എന്നിത്യാദി വിഷയങ്ങൾ വെച്ച് ലോകമെങ്ങുമുള്ള വിശ്വാസികൾക്ക് ഒത്തു ചേർന്ന് പ്രാർത്ഥിക്കുവാൻ ഒരു സംവിധാനം ഒരുക്കാൻ സാധിക്കും. ഈ വഴിക്കു ചില ശ്രമങ്ങൾ നടക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അത് ഒരു നല്ല തുടക്കം തന്നെയാണ്. അതോടൊപ്പം പ്രാദേശിക തലത്തിൽ സഭകൾക്കും ഒത്തു ചേർന്നും ഒറ്റയ്ക്കും പ്രാർത്ഥനായോഗങ്ങൾ നടത്താവുന്നതാണ്. നമ്മുടെ അടുത്ത തലമുറയെ കർത്താവിൽ നിന്ന് അകറ്റി അന്തിക്രിസ്തുവിനു കാഴ്ചവെയ്ക്കാനാണ് സാത്താൻ ശ്രമിക്കുന്നത്. ആധുനിക സാങ്കേതിക ഉപാധികളെ അതിനു വേണ്ടി അവൻ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ മറ്റൊരു ഭാഗമാണ് വിശ്വാസസമൂഹത്തിലേക്ക് ഭിന്നതയുടെ ബോംബുകൾ അവൻ വർഷിക്കുന്നത്. സഭകൾ സഹകരിച്ചുള്ള പ്രവർത്തനങ്ങൾ, മറ്റു ടീം പ്രവർത്തനങ്ങൾ എന്നിവയെല്ലാം അവൻ ലക്ഷ്യമിട്ടിരിക്കുകയാണ്. സാത്താനോടും അവന്റെ സൈന്യത്തോടും പോരാടാനുള്ള വിധം പൗലൊസ് എഫെസ്യരോടും പറയുന്നുണ്ട്. കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെട്ട് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ച് പോരാടുക എന്നുള്ളതാണതിന്റെ ചുരുക്കം (എഫെ. 6:10-17). എന്നാൽ

# വെളിപ്പാടു പുസ്തകം: ഒരു ലഘുപഠനം-62

ഡോ. ഒ.എം. ശാമുവേൽ, മാവേലിക്കര

അദ്ധ്യായം 18:4,5: "*വേറൊരു ശബ്ദം സ്വർഗ്ഗത്തിൽ നിന്നു പറയുന്നതായി ഞാൻ കേട്ടത്: എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളിയാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടുപോരുവിൻ. അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു. അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ട്.*"

വേറൊരു ശബ്ദം ആരുടേത് എന്നത് വ്യക്തമല്ല. 18:1-ൽ ശക്തിയുള്ള ദൂതൻ വിളിച്ചു പറഞ്ഞ ഈ ശബ്ദം ദൈവത്തിന്റേതായിട്ടാണ് പറയുന്നത്. ദൈവം നേരിട്ടു തന്റെ ജനത്തിനറിയിച്ചു കൊടുക്കുന്നതാണ്. ശബ്ദത്തിന്റെ ഉറവിടം സ്വർഗ്ഗമാണ്. 4-ാം അദ്ധ്യായത്തിൽ സിംഹാസനസ്ഥനായി കാണുന്ന ദൈവം തന്നെ സ്വർഗ്ഗത്തിൽ നിന്നു കല്പിക്കുകയാണ്. ആരാണ് എന്റെ ജനം? ഇത് സഭയെസംബന്ധിച്ചല്ല എന്നുള്ളത് നിസ്തർക്കം തന്നെ. സഭ ഈ സമയം സ്വർഗ്ഗത്തിൽ ആണ്. ഈ ജനം മഹാപീഢന കാലത്ത് ഭൂമിയിൽ ഉള്ള ദൈവജനമാണ്. അവരോട് കല്പിക്കുകയാണ് സൂക്ഷിച്ചുകൊള്ളാൻ. അവളിൽ നിന്നും പുറപ്പെട്ടുപോരാനുള്ള രണ്ടു കാരണങ്ങൾ പറഞ്ഞിരിക്കുന്നു. 1. അവളുടെ പാപങ്ങളിൽ പങ്കാളികളാകാതെയിരിപ്പാൻ; 2. അവളുടെ ബാധകളിൽ ഓഹരിക്കാരാകാതിരിപ്പാൻ. 18:8-ൽ അവളുടെ ബാധകൾ മരണം, ദു:ഖം, ക്ഷാമം എന്നിവയാണെന്നു വ്യക്തമാക്കിയിരിക്കുന്നു. ഈ ബാധകൾ ബാബിലോണിന്റെ ന്യായവിധിയോട് ബന്ധപ്പെട്ടിരിക്കുന്നതിനാൽ പീഢാകാലത്തിന്റെ അന്ത്യത്തിൽ ആണ് ഇത് നടക്കേണ്ടത്. അതിനാൽ എന്റെ ജനം എന്നത് പീഢാകാല വിശുദ്ധന്മാരാണെന്ന് കരുതാം. സഭമഹോപദ്രവത്തിൽ കൂടി കടക്കും എന്നു വ്യാഖ്യാനിക്കുന്നവരുടെ വാദമുഖം ഇവിടെ പൊളിയുന്നു. മഹാപീഢനകാലത്തെ ബാധകളിൽ നിന്നും അവർക്കു സംരംക്ഷണം നൽകും എന്നാണല്ലോ അവരുടെ വ്യാഖ്യാനം. എന്നാൽ അങ്ങനെയുള്ള ഒരു വിടുതൽ ഈ മഹാപീഢനകാലത്തും ഇല്ല എന്നുള്ളത് ഈ ഭാഗം വ്യക്തമാക്കുന്നുണ്ടല്ലോ? ബാധകളിൽ ഓഹരിക്കാരാകാതിരിക്കണമെങ്കിൽ അവർ പീഢനകാലത്തിൽ നിന്നും അകന്നുമാറണം. അത് സഭയെസംബന്ധിച്ചു ശരിയായിരിക്കും. സഭ പീഢനകാലത്ത് സ്വർഗ്ഗത്തിൽ ആയിരിക്കുമല്ലോ?

ബാബിലോന്യ ജീവിതത്തിൽ നിന്നു വേർപെടുവാനുള്ള ആഹ്വാനം അന്നത്തേതുപോലെ തന്നെ ഇന്നും പ്രസക്തമാണ്. അതിനെ തൃണവൽഗണിച്ചാൽ ആഖാന്റെ അനുഭവം നാമും നേരിടേണ്ടിവരും. ദൈവകല്പനയ്ക്കു വിരുദ്ധമായി ബാബിലോന്യമേലങ്കി മോഹിച്ച് അതെടുത്ത് തന്റെ കൂടാരത്തിൽ ഒളിപ്പിച്ചു. ഇങ്ങനെയുള്ള ആകർഷണവലയത്തിൽ നിന്നുള്ള വേർപാട് അന്നത്തേതുപോലെ ഇന്നും പ്രാധാന്യം ആർഹിക്കുന്ന ഒരു ഉപ

---

അതിനോടു ചേർത്തുതന്നെ പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിക്കാനുള്ള നിർദ്ദേശവും നൽകുന്നു. (എഫെ. 6:18-20). പ്രാർത്ഥനയെ പോരാട്ടമായിട്ടാണ് പൗലൊസ് കാണുന്നത് (റോമർ 15:30-31). പ്രാർത്ഥനയിൽ യുദ്ധം ദൈവത്തോടല്ല സാത്താനോടും അവന്റെ സൈന്യത്തോടുമാണ് (എഫെ. 6:12). നാം പ്രാർത്ഥിക്കുമ്പോൾ അവൻ അവന്റെ ഭോഷ്ക്കുമായി നമ്മെ സമീപിക്കും. നമ്മുടെ ചിന്തയിലേക്കാണ് അവൻ കടക്കുന്നത്. ഭോഷ്ക്കിനു ബദലായി നാം അരയ്ക്കു കെട്ടിയിരിക്കുന്ന 'സത്യം' (സാക്ഷാൽ കർത്താവു തന്നെ യോഹ. 14:6) ആണ് നമുക്കു തുണ. നീതികേടും പാപവുമായി നമ്മെ സമീപിച്ചാൽ നീതി എന്ന കവചം നമുക്കു പ്രതിരോധം സൃഷ്ടിക്കും. സംശയങ്ങളും അവിശ്വാസവും നമ്മിൽ ഉണ്ടാകുമ്പോൾ വിശ്വാസം എന്ന പരിചയുണ്ട്. സാത്താന്യമായ എല്ലാത്തരം മിസൈയിലുകളെയും ആ പരിച പ്രതിരോധിക്കും.

പ്രാർത്ഥനയിൽ കൂടി നാം നേടുന്ന ഈ വിജയം തമ്മിൽ ദൈവസ്നേഹം വളർത്തും. അപ്പോൾ നാം സഹോദര സ്നേഹമുള്ളവരാകും. അതിന്റെ പിന്നാലെയുണ്ടാകുന്നതാണ് ആത്മാവിന്റെ ഫലം. അപ്പോൾ നാം സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടി നോക്കും. ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നമ്മിലും ദൃശ്യമാകും. ഇതിന്റെയെല്ലാം ഒരു ഉപഫലമാണ് ഭിന്നതയില്ലായ്മയും ഒരുമയും.

ദേശം ആണ്. എല്ലാ കാലത്തെയും ദൈവജന ത്തിന് സ്വീകാര്യമായ ഒരു ഉപദേശസത്യമാണ് വേർപാടു എന്നുള്ളത്. ഇത് സഭാവിഭാഗത്തിന്റെ പേരല്ല. അനുഗൃഹീതമായ ഒരു ജീവിതാനുഭവമാണ്.

വിശ്വാസികളുടെ പിതാവായ അബ്രഹാമിനും വേർപാടിന്റെ വിളി ബാധകമായിരുന്നു (ഉല്പത്തി 12:1). ലോത്തിന്റെ ജീവിതത്തിലും മോശെയുടെ ജീവിതത്തിലും ഈ വേർപാടിന്റെ അനുഭവം നമുക്കു കാണാം. ബാബേലിൽ നിന്നും പുറപ്പെടുവിൻ. ഉല്ലാസഘോഷത്തോടെ കല്ദയരെ വിട്ടു ഓടിപ്പോകുവിൻ (യെശ. 48:20). ഇതുപോലെ തന്നെ യിരമ്യാപ്രവാചകനും യിസ്രയേലിനു ബുദ്ധ്യാപദേശം നല്കുന്നു. ബാബേലിൽ നിന്നു ഓടി കല്ദയ ദേശം വിട്ടു പോകുവിൻ (യിര. 50:8). ബാബേലിന്റെ നടുവിൽ നിന്നു ഓടി ഓരോരുത്തൻ താന്താന്റെ പ്രണനെ രക്ഷിച്ചുകൊള്ളുവിൻ (യിര. 51:6). എന്റെ ജനമേ, അതിന്റെ നടുവിൽ നിന്നു പുറപ്പെടുവിൻ. യഹോവയുടെ ഉഗ്രകോപത്തിൽ നിന്നും നിങ്ങൾ ഓരോരുത്തൻ താന്താന്റെ പ്രാണനെ രക്ഷിച്ചുകൊൾവിൻ (യിര. 51:45). പഴയനിയമത്തിൽ മാത്രമല്ല പുതിയനിയമത്തിലും തത്തുല്യങ്ങളായ നിർദ്ദേശങ്ങൾ നമുക്കു കാണാൻ കഴിയും. കൊരിന്തു വിശ്വാസികളോടുള്ള പൗലൊസിന്റെ വാക്കുകൾ കൂടി ഉദ്ധരിക്കട്ടെ. നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണകൂടരുത്. നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തു ചേർച്ച? വെളിച്ചത്തിന് ഇരുളിനോട് എന്തു കൂട്ടായ്മ? അതുകൊണ്ട് അവരുടെ നടുവിൽ നിന്ന് പുറപ്പെട്ട് വേർപെട്ടിരിക്കുവിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു (2 കൊരി. 6:14,17). പൗലോസ് നിജപുത്രനായ തിമൊഥെയോസിനോടു പറയുന്നതി കൂടി ശ്രദ്ധിക്കുക. അന്യന്മാരുടെ പാപങ്ങളിൽ ഓഹരിക്കാരനാകയുമരുത്. നിന്നെതന്നെ നിർമ്മലനായി കാത്തുകൊളളുക (1 തിമൊ. 5:22).

വിശ്വാസികൾ ലോകത്തിൽ ജീവിക്കുന്നു എങ്കിലും നാം ഈ ലോകക്കാരല്ല എന്ന സത്യം വിസ്മരിക്കരുത്. അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു. അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ട് (വെളി.18:5). ബാബേലിന്റെ പണിയോടുള്ള ബന്ധത്തിൽ അതിന്റെ കല്പണി ആകാശത്തോളം എത്തിയില്ല. എന്നാൽ അവളുടെ പാപം ആകാശത്തോളം എത്തി എന്നു തിരുവചനം പറയുന്നു. ബാബിലോണിലെ പാപവും അവരുടെ അഹങ്കാരവും ദൈവം ശിക്ഷിക്കാതെ വിടുകയില്ല. അതുകൊണ്ടാണ് അവളെ വിട്ടു പോകുന്നതിനുള്ള ആഹ്വാനം കർത്താവു നൽകുന്നത്.

“അവൾ നിങ്ങൾക്കു ചെയ്തതു പോലെ നിങ്ങൾ അവൾക്ക് പകരം ചെയ്വിൻ. അവളുടെ പ്രവർത്തികൾക്കു തക്കവണ്ണം അവൾക്ക് ഇരട്ടിച്ചു കൊടുക്കുവിൻ” (വെളി. 18:6). അക്കാലത്തെ ജനങ്ങളോട് പ്രതികാരം ചെയ്യാൻ ദൈവം അവശ്യപ്പെടുകയാണ്. അസാധാരണമായ ഒരു ദൈവികാജ്ഞയായി തോന്നാം. എന്നാൽ ദൈവം ക്രോധത്തോടുകൂടി ഭൂമിയിൽ കാര്യങ്ങൾ ചെയ്യുമ്പോൾ ഇപ്രകാരം ഉള്ള കല്പനയുടെ ആശയം ഗ്രഹിക്കാൻ പ്രയാസമില്ല. മലയാളത്തിൽ ദൈവജനങ്ങളോടുള്ള കല്പനയായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മറ്റുചില ഭാഷാന്തരമനുസരിച്ച് ഇത് ദൈവദൂതന്മാരോടുള്ള കല്പനയായി വിശദീകരിക്കുന്നു. ഏതായാലും പ്രതികാരത്തിനു വേണ്ടിയുള്ള കല്പനയാണ് നൽകുന്നത്. തുടർന്നുള്ള വേദഭാഗങ്ങളിൽ നിന്നും ഈ പ്രതികാരം വേഗത്തിൽ സംഭവിക്കുന്നതായി കാണുന്നു. ഒരു മണിക്കൂർ കൊണ്ട് നാശം വിതയ്ക്കുവാൻ വിശുദ്ധന്മാർക്ക് അസാദ്ധ്യം തന്നെ. എന്നാൽ അവരുടെ നിലവിളി ദൈവം കേൾക്കും. അതിന്റെ ഫലമായി പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്നതായി വെളി 8:3-5 ൽ വിവരിച്ചിരിക്കുന്നു. അതുപോലെ മഹതിയാം ബാബിലോന്റെ ശിക്ഷയും ന്യായവിധിയും ഉണ്ടാകും.

“അവൾ തന്നെത്താൻ മഹത്വപ്പെടുത്തി പുളച്ചേടത്തോളം അവൾക്കു പീഢയും ദു:ഖവും കൊടുപ്പിൻ. രാജ്ഞിയായിട്ടു ഞാൻ ഇരിക്കുന്നു. ഞാൻ വിധവയല്ല. ദു:ഖം കാണുകയുമില്ല എന്നു അവൾ ഹൃദയം കൊണ്ടു പറയുന്നു” (വെളി. 18:7). ബാബിലോന്റെ ഹൃദയവിചാരമാണ് ഇവിടെ പറയുന്നത്. ഇതിനെ ഉയർത്തിയതു ദൈവമല്ല. ദൈവത്തെ കൂടാതെയുള്ള ഉയർച്ചയാണ് അവർക്കുള്ളത്. അതുനിമിത്തം അവൾ നിഗളിക്കുകയാണ്. ഇതിന് യെശ. 47:7-9-നോട് സാമ്യം ഉണ്ട്. അതും ബാബിലോനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. അവൾ രാജകീയപദവികൾ അനുഭവിച്ചിരുന്നു. അവൾക്കും അവിഹിത ഭർത്താക്കന്മാർ ഉണ്ടായിരുന്നതിനാൽ വൈധവ്യം അനുഭവിച്ചിരുന്നില്ല.

**(തുടരും)**

# റോമർക്ക് എഴുതിയ ലേഖനം: ഒരു പഠനം ~ 3

**ജേക്കബ് തോമസ്, മാവേലിക്കര**

"*. . . പൗലൊസ് റോമയിൽ ദൈവത്തിന് പ്രിയരും, വിളിക്കപ്പെട്ട വിശുദ്ധന്മാരുമായ എല്ലാവർക്കും എഴുതുന്നത്*" (റോമർ 1:3).

പൗലൊസ് തന്റെ ലേഖനങ്ങളിൽ വിശ്വാസികൾക്ക് ക്രിസ്തുവിൽ ലഭിച്ചിട്ടുള്ള പദവികൾ ഏതെല്ലാമെന്ന് വളരെ സുവ്യക്തമായി വിശദമാക്കുന്നുണ്ട്, ഒരു വ്യക്തി ക്രിസ്തുവിൻ വിശ്വസിക്കുമ്പോൾ അവന്റെ പാപങ്ങൾ മോചിക്കപ്പെടുന്നതോടൊപ്പം ദൈവോന്മുഖമായി അവന് ചില സ്ഥാനങ്ങൾ ലഭിക്കുന്നു. അത് വിശ്വാസികൾ അറിഞ്ഞിരിക്കണം എന്ന് പൗലൊസ് ആഗ്രഹിച്ചിരുന്നു. വിശ്വാസികൾക്ക് ദൈവം കൊടുത്തിരിക്കുന്ന സ്ഥാനം അറിയേണ്ടുന്നത് ഓരോ വിശ്വാസിയുടേയും ആവശ്യകതയാണ്. ഏതെങ്കിലും ഒരു സ്ഥാപനത്തിലോ, സംഘടനയിലോ അംഗമായിരിക്കുന്ന വ്യക്തി തന്റെ ഔദ്യോഗിക സ്ഥാനവും അതിന്റെ പ്രാധാന്യതയും ഗ്രഹിക്കാതെ പോകുകയാണെങ്കിൽ എത്ര പരിതാപകരമാണ്. അത് തന്നെയാണ് വിശ്വാസികൾക്ക് ദൈവം കൊടുത്തിരിക്കുന്ന സ്ഥാനം അറിയാതെ പോകുന്നത്. നമുക്ക് ക്രിസ്തുവിൽ ലഭിച്ചിട്ടുള്ള പദവികൾ തിരിച്ചറിയുമ്പൊളാണ് അതിനനുസൃതമായി ജീവിക്കാനും നമ്മുടെ ജീവിതത്തിന്റെ ഉത്തരവാദിത്തങ്ങൾ ഫലകരമായ നിലയിൽ നിവർത്തിക്കാനും നാം പ്രാപ്തരാകുന്നത്.

**B. വിശ്വാസികളുടെ അനുഗ്രഹങ്ങൾ (റോമർ 1:3)**

**1. ദൈവത്തിന് പ്രിയരായവർ**

എങ്ങനെയാണ് റോമിലുള്ള വിശ്വാസികൾ ദൈവത്തിന് പ്രിയരായത്? അവർ ദൈവഹിതമനുസരിച്ച് ജീവിക്കുവാൻ തങ്ങളെത്തന്നെ വിധേയപ്പെടുത്തിയതിനാൽ. ദൈവത്തിന് പ്രിയരായി ജീവിക്കുവാൻ എല്ലാവർക്കും ആഗ്രഹമുണ്ട്. എന്നാൽ ദൈവം പറയുന്ന കാര്യങ്ങളെ അംഗീകരിക്കുവാൻ പലർക്കും കഴിയുന്നില്ല. യഹൂദന്മാർ ക്രിസ്തുവിനോട് ചോദിച്ചു; ദൈവത്തിന് പ്രസാദമാകുവാൻ ഞങ്ങൾ എന്ത് ചെയ്യണം? ഈ ചോദ്യം ഇന്നത്തെ മനുഷ്യൻ ആവർത്തിക്കുന്ന ചോദ്യമാണ്. അതിനായി എന്ത് ത്യാഗവും സഹിക്കാൻ മനുഷ്യൻ സന്നദ്ധനാണ്. എന്നാൽ ദൈവത്തിന് പ്രസാദമാകുന്ന പ്രവൃത്തി അവൻ അയച്ചപുത്രനിൽ വിശ്വസിക്കുന്നതാണ്, അല്ലെങ്കിൽ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് ദൈവപൈതലാകുക എന്നതാണ്. നാം ദൈവമക്കൾ ആകുമ്പോൾ ദൈവത്തിന് നമ്മെ പ്രിയപ്പെടാതിരിക്കാനാവില്ല. നാം എത്ര ശ്രമിച്ചാലും ഒരു വ്യക്തിയുടെ മകനായി മകളായി തീരുവാൻ കഴിയാത്തതുപൊലെ ദൈവഭവനത്തിൽ ജനിക്കാതെ ദൈവപൈതലാകുവാൻ ആർക്കും സാദ്ധ്യമല്ല. ദൈവഭാഗത്ത് വന്നു എന്നോ, ദൈവത്തിൽ വിശ്വസിക്കുന്നവർ എന്നോ അല്ല, രക്ഷിക്കപ്പെട്ട ഒരു വ്യക്തയെ ദൈവം കാണുന്നത് തന്റെ പ്രിയരായിട്ടാണ്. ഈ ചിന്ത നമ്മെ തീർച്ചയായും ആനന്ദിപ്പിക്കുന്ന വസ്തുതയാണ്.

എങ്ങനെയാണ് നാം ദൈവത്തിന് പ്രിയരായത്? അത് ദൈവത്തിന് പ്രിയനായ കർത്താവായ യേശു ക്രിസ്തുവിലൂടെയാണ്. "അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യമായി നൽകിയ തന്റെ കൃപാമഹത്വത്താൽ" (എഫെ. 1:6). പിതാവായ ദൈവം ക്രിസ്തുവിനെക്കുറിച്ച് സാക്ഷ്യം പറയുന്നത്, ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. നമുക്ക് ആർക്കും തന്നെ ദൈവസന്നിധിയിൽ പ്രവേശനം ഇല്ലാതിരിക്കുമ്പൊൾ പുത്രനിലൂ ടെയാണ് ദൈവം രക്ഷാപദ്ധതി ഒരുക്കിയത്. ആ ക്രിസ്തുവിൽ വിശ്വസിച്ചു എന്ന ഏക കാരണത്താൽ നാം ദൈവത്തിന് പ്രിയരായിത്തീർന്നു. ഒരു ഭവനത്തിലുള്ള ഒരു ചെറുപൈതലിനെപ്പൊലും ഒരു പിതാവ് മറക്കില്ല; അതുപൊലെ ദൈവം നമ്മെ അറിയുന്നു; "ദൈവത്തിന്റെ അടിസ്ഥാനം നിലനിൽക്കുന്നു; കർത്താവ് തനിക്കുള്ളവരെ അറിയുന്നു" (2 തിമൊ. 2:19). അവൻ നമ്മെ പേർ ചൊല്ലിവിളിക്കുന്നു (യോഹ. 10:3). ദൈവം നമ്മെ കേവലം രക്ഷിക്കുക മാത്രമല്ല, അവന്റെ പ്രിയരായി നമ്മെ എണ്ണി അവന്റെ സ്നേഹഭാജനങ്ങളാക്കിയ അവന്റെ കരുണ ഏതൊരു വിശ്വാസിയുടേയും ഹൃദയത്തെ ദൈവസ്നേഹത്തെ സ്തുതിക്കുന്ന വിപഞ്ചികയാക്കി മാറ്റുന്നു.

ഈ വിധത്തിൽ ദൈവത്തന്റെ സ്നേഹത്തിന് പാത്രീഭുതരായവരെ നോക്കികൊണ്ട്

പൗലൊസ് എഴുതുന്നു, "ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളും അല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രെ" (എഫെ. 2:19). വിശ്വാസികളായ നാം പലപ്പൊഴും നമ്മുടെ പദവികളെക്കുറിച്ചും, അവകാശങ്ങളെക്കുറിച്ചും അറിവില്ലാത്തവരായി, നിരാശയുടേയും വിലാപത്തിന്റെയും പല്ലവികൾ പാടി ദൈവമില്ലാത്തവരെപ്പൊലെ പ്രത്യാശയില്ലാത്തവരാകാറുണ്ട്. ഒരു പക്ഷേ ലോകത്തിൽ നാം തള്ളപ്പെട്ടവരും വെറുക്കപ്പെട്ടവരും ആയെന്ന് വരാം; എന്നാൽ അതിൽ നാം നിരാശരാകേണ്ട കാര്യമില്ല; ദൈവസന്നിധിയിൽ നാം ആരാണെന്ന് മനസിലാക്കുമ്പൊൾ നമുക്ക് നമ്മെ തന്നെ സജ്ജമാക്കി, നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്തങ്ങൾ ഫലകരമായ നിലയിൽ നിവർത്തിക്കുവാൻ പ്രാപ്തരായിത്തീരും. പൗലൊസ് റോമിലുള്ള വിശ്വാസികളെ ഓർപ്പിക്കുന്നു, നിങ്ങൾ ദൈവത്തിന് പ്രിയപ്പെട്ടവരാകയാൽ സന്തോഷിക്കുക.

**2. ദൈവത്താൽ വിളിക്കപ്പെട്ടവർ**

റോമിലുള്ള വിശ്വാസികൾ ദൈവത്താൽ വിളിക്കപ്പെട്ടരാണ്. അവർ ക്രിസ്തുവിനായി വിളിച്ച് വേർതിരിക്കപ്പെട്ടവരാണ് അഥവാ ക്രിസ്തുവിനായി തിരഞ്ഞെടുക്കപ്പെട്ടവരാണ് (1:7). അതിന്റെ അർത്ഥം ഇനി അവർക്ക് ക്രിസ്തുവിനായല്ലാതെ ജീവിതമില്ല. ക്രിസ്തു തന്റെ അപ്പൊസ്തലന്മാരെ വിളിച്ച് ആ ശുശ്രൂഷക്കാക്കി. അല്ലാതെ സ്വയമായി അവർ ആ ശുശ്രൂഷ കൈയ്യാളുകയായിരുന്നില്ല. വിശ്വാസികളെക്കുറിച്ചുള്ള ദൈവിക പദ്ധതിയെക്കുറിച്ച് പൗലൊസ് എഴുതുന്നത് ഇപ്രകാരമാണ്, ''മുൻനിയമിച്ചവരെ വിളിച്ചും, വിളിച്ചവരെ നീതീകരിച്ചും, നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു'' (റോമർ 8:30). ദൈവത്തിന്റെ അനാദിനിർണ്ണയപ്രകാരം ഓരോ വിശ്വാസിയേയും അതാത് സമയത്ത് രക്ഷയിലേക്ക് ദൈവം വിളിക്കും. പത്രൊസ് അപ്പൊസ്തലൻ വിശ്വാസികളെക്കുറിച്ച് എഴുതിയിരിക്കുന്നത്, ''നിങ്ങളോ, അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുത്തിരിക്കുന്ന ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും, വിശുദ്ധവംശവും സ്വന്തജനവും ആകുന്നു" എന്നാണ് (1 പത്രൊസ് 2:9). ആത്മീയ അന്ധകാരത്തിൽ നിന്ന് അവരെ വിളിച്ചതിന്റെ ഉദ്ദേശ്യം അവർ ദൈവത്തിന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ വേണ്ടിയാണ്.

ആ വിളിക്ക് ചില പ്രത്യേകതകൾ ഉണ്ട്. അത് വിശുദ്ധ വിളിയാണ് (2 തിമൊ. 1:9). ദൈവത്തിന്റെ വിളിയുടെ പ്രത്യേകത അത് വിശുദ്ധിയിലേക്ക് നമ്മെ നയിക്കുന്നതിനുള്ള വിളിയാണ്. ദൈവത്താൽ വിളിക്കപ്പെട്ട ഒരുവനും അശുദ്ധിയിൽ ജീവിതം നയിക്കില്ല കാരണം ദൈവം വിശുദ്ധനാണ്. മാത്രമല്ല ദൈവം നമ്മെ സ്വർഗ്ഗീയ വിളികൊണ്ട് വിളിച്ചിരിക്കുന്നു (എബ്രാ. 3:1). സ്വർഗ്ഗീയ അനുഗ്രഹങ്ങളുടെ അവകാശികളായി ദൈവം നമ്മെ വിളിച്ചിരിക്കുന്നു. ദൈവത്തിന്റെ പരമവിളിയുടെ ലാക്കിലേക്കാണ് നാം ഓടുന്നുന്നത് (ഫിലി. 3:14). ലോകമനുഷ്യരുടെ നശ്വരവും താൽകാലികമായ വിളിയല്ല. ലോകത്തിലുള്ള ഔദ്യോഗിക സ്ഥാനം അലങ്കരിക്കുന്നവരുടെ വിളിക്ക് നാം വില കല്പിക്കുന്നതിലുപരി ജീവനുള്ള ദൈവത്തിന്റെ പരമവിളിക്ക് പ്രാധാന്യം കല്പിക്കണം. പൗലൊസ് വീണ്ടും പറയുന്നത് ശ്രദ്ധിക്കുക, "തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ'' (1 കൊരി. 1:9). ഏറ്റം അനുഗൃഹീതമായ സൗഭാഗ്യത്തിന്റെ സോപാനത്തിലേക്ക് നമ്മെ കർത്താവ് വിളിച്ചു എന്ന് മാത്രമല്ല, ആ ദൈവം വിശ്വസ്തനാണ്. വാക്ക് മാറ്റിപ്പറയുക, വാക്ക് മാറുക എന്നിവ ദൈവത്തിന്റെ സ്വഭാവമല്ല. അവൻ ആശ്രയിക്കാൻ യോഗ്യനായ വിശ്വസ്തനാണ്. റോമിലുള്ള ദൈവമക്കൾ ദൈവത്താൽ വിളിക്കപ്പെട്ടവരാണ്; ക്രിസ്തുവിനായി തിരഞ്ഞെടുക്കപ്പെട്ടവരാണ്. ഇത് അവരുടെ മാത്രം പദവിയല്ല; സാർവ്വത്രീകമായി സകല വിശ്വാസികളുടെയും പദവിയാണ്. അത് അവരുടെ അവകാശത്തിന്റെയും അവരുടെ പ്രശംസയുടേയും അടിസ്ഥാനമാണ്. എന്നാൽ അവർ അവരുടെ വിളിക്ക് യോഗ്യമായി നടക്കണം എന്ന് മാത്രം (എഫെ. 4:1).

**3. ദൈവത്തിന്റ വിശുദ്ധന്മാർ**

റോമിലുള്ള വിശ്വാസികൾ ദൈവത്തിന്റ വിശുദ്ധന്മാരാണ്. അങ്ങനെ ആർക്കെങ്കിലും വിശുദ്ധന്മാരാകുവാൻ കഴിയുമോ? ചില പ്രക്രിയകൾക്കും നടപടികൾക്കും ഒക്കെ ശേഷമല്ലേ വിശുദ്ധന്മാരാകുന്നത്? അതെ, വളരെ വലിയ ശുദ്ധീകരണ പ്രക്രിയകൾക്ക് ശേഷമാണ് അവരെ വിശുദ്ധരായിട്ട് പ്രഖ്യാപിച്ചത്. ആ നടപടികൾ നടന്നത് കാൽവറി മലമേട്ടിലാണ് അവിടെ ഏറ്റവും വലിയ യാഗത്താലാണ് അവർ വിശുദ്ധരായിത്തീർന്നത്. "ആ ഇഷ്ടത്താൽ നാം

യേശുക്രിസ്തു ഒരിക്കലായിക്കഴിച്ച ശരീര യാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു" (എബ്രാ. 10:10). മനുഷ്യർ ഇന്ന് നടത്തുന്ന ശുദ്ധീകരണപ്രക്രിയക്ക് എന്ത് വിശ്വാസ്യതയും ആധികാരികതയുമാണുള്ളത്? എന്നാൽ ദൈവവചനം പറയുന്നത് ശ്രദ്ധിക്കുക, "അങ്ങനെ യേശുവും സ്വന്തരക്തത്താൽ ജനത്തെ വിശുദ്ധീകിക്കേണ്ടതിന് നഗരവാതിലിന് പുറത്ത് വച്ച് കഷ്ടം അനുഭവിച്ചു" (എബ്രാ. 13:12). ഇത് റോമിലുള്ള വിശ്വാസികളുടെ മാത്രം ശ്രേഷ്ഠതയല്ല, സകല വിശ്വാസികളും കർത്താവായ യേശുക്രിസ്തുവിന്റെ യാഗത്താൽ വിശുദ്ധീകരിക്കപ്പെട്ട്, അവരുടെ മരണത്തിന് ശേഷമല്ല, ഇന്ന് അവർ ഭൂമിയിൽ ജഡശരീരത്തിൽ ജീവിക്കുമ്പൊൾ തന്നെ വിശുദ്ധന്മാരായി ജീവിക്കുന്നവരാണ്. അതിനെക്കുറിച്ച നമുക്ക് വ്യക്തമായ ബോദ്ധ്യമുണ്ടായിരിക്കണം. അപ്പൊ. 9:32, എഫെ. 4:13 എന്നിവ എല്ലാ ക്രിസ്തു വിശ്വാസികളും വിശുദ്ധന്മാരാണ് എന്ന് തെളിയിക്കുന്ന ചില വചനഭാഗങ്ങളാണ്.

എന്തിനാണ് ദൈവം ഇത്രമാത്രം വലിയ ഒരു യാഗപ്രക്രിയയിലൂടെ ക്രിസ്തുവിൽ വിശ്വസിക്കുന്നവരെ വിശുദ്ധന്മാരാക്കിയത്? അവർ വിശുദ്ധനായ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും വേണ്ടിയാണ്. യേശുക്രിസ്തു മുഖാന്തരം ദൈവത്തിന് പ്രസാദമുള്ള ആത്മിക യാഗം കഴിപ്പാൻതക്ക വിശുദ്ധപുരോഹിത വർഗ്ഗമാകേണ്ടതിനാണ് (1 പത്രൊസ് 2:5). യോഹന്നാൻ അപ്പൊസ്തലൻ അതിനെക്കുറിച്ച് പറയുന്നത്, "നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിതീർത്തവനുമായവന് എന്നേക്കും മഹത്വവും ബലവും ആമേൻ" (വെളി. 1:6) എന്നാണ്. നാം ഇന്ന് ദൈവത്തിന് പ്രിയരാണ്; ദൈവത്താൽ വിളിക്കപ്പെട്ടവരാണ്; ദൈവത്തിന്റെ വിശുദ്ധന്മാരുമാണ്. നമുക്കുള്ള വിളിക്ക് യോഗ്യമായി നടക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. നാം ആരാണെന്ന ബോദ്ധ്യത്തോടെ നമ്മുടെ ഉത്തരവാദിത്തങ്ങൾ നിവർത്തിക്കാൻ എല്ലാ അനുവാചകരെയും ദൈവം സഹായിക്കട്ടെ. **(തുടരും)**

## HOME CALL
## SIS. MARYKUTTY PAUL, KOTTAYAM
## W/O LATE BRO. K. PAUL THOMAS, KOTTAYAM (Ex. KEM Fund Secretary)

Sis. Mary Paul Thomas went to be with the Lord at 12:30 pm on December 3, 2015 at Kosamttom hospital, Kottayam. She was not well for some time. She was suffering from cancer in the ovaries. It was well pleasing for our Lord to call her to the eternal home, where there is no pain, no sorrow, no tears, no sickness and no death. Funeral service was held on Monday (December 7, 2015) at her residence (Kaithathusseril Valsa Cottage) from 10 am and the body was buried at 12 pm at Aymanam cemetery of Kottayam Assembly. Please remember the grieving family members in prayers

## EVG. MADAN PAUL, LUDHIANA, PUNJAB, INDIA WRITES:

Dear Brethren in the Lord,

Thank you for standing with us in the hour of grief by prayer and by your comforting words.

The funeral service of my wife late Dr. Molly M. Paul was held on 9th January 2016 at the Ludhiana Christian Medical College Hospital Chapel at 10 am and then at the Calvary Church building from 11:45 am. Finally, with much prayer and tears, her body was laid to rest at 3 pm.

We are thankful for the presence and prayers of God's people from almost all over North India at the above services. Our Lord God was glorified through the funeral service of His servant.

Dr. Molly Paul remained faithful till the end, never complained for the severe pain she suffered during the last Six years. It pleased our heavenly Father to take her home on 5th Jan. 2016 at 3 pm in a very peaceful manner.

Kindly continue to remember the grieved family in your prayers.

With prayer,

Evg. Madan Paul

Phone: +91-9872165019; +91-161-2600118.

E-mail: mpaul2@rediffmail.com
madanmollypaul@hotmail.com

# വളരുന്ന സഭയുടെ ലക്ഷണങ്ങൾ

യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം

സഭയെ സാർവ്വത്രിക സഭയെന്നും പ്രാദേശിക സഭകൾ എന്നും രണ്ടു ഗണത്തിൽ വിഭജിക്കാവുന്നതാണ്. ആളുകളുടെ എണ്ണത്തിലും വണ്ണത്തിലും അല്ല ആത്മികതയിൽ വളരുന്നതാണ് യഥാർത്ഥ വളർച്ച. അപ്രകാരം വളരുന്നില്ല എങ്കിൽ സഭ തളരുകയാണ് എന്നുള്ളതിന് രണ്ടു പക്ഷമില്ല. ആദ്യ നൂറ്റാണ്ടിൽ ദൈവസഭയുടെ പ്രവർത്തനത്തിൽ വളരെ അദ്ധ്വാനിച്ച വ്യക്തി അപ്പൊസ്തലനായ പൗലൊസായിരുന്നു. താൻ മുഖാന്തരം ഉളവായതോ അല്ലാത്തതോ ആയ സ്ഥലം സഭകൾ ആത്മികതയിൽ വളർന്നും വർദ്ധിച്ചും വരണമെന്നുള്ള അതിയായ താത്പര്യം തനിക്കുണ്ടായിരുന്നു. തെസ്സലോനിക്യ സഭയെക്കുറിച്ച് അപ്പൊസ്തലൻ എഴുതിയിരിക്കുന്നത് നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും സ്നേഹത്തിന്റെ പ്രയത്നവും നമ്മുടെ കർത്താവായ ക്രിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഓർത്ത് ദൈവത്തിന് സ്തോത്രം കരേറ്റുവാൻ കാരണമായിരിക്കുന്നു എന്നാണ്.

വിശ്വാസത്തിന്റെ വേല എന്നാൽ സുവിശേഷവൽക്കരണമാണ്. സ്ഥലം സഭയിലെ വിശ്വാസികളുടെ ഉത്തരവാദിത്ത്വമാണിത്. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിൽ വിശ്വസിക്കുന്നവർ ദേശത്തോട് സുവിശേഷം അറിയിപ്പാൻ പ്രതിജ്ഞാബദ്ധരായിരിക്കണം. വിശ്വാസത്തിന്റെ വേലയായ സുവിശേഷീകരണം ഇല്ലാത്ത സഭ വളർച്ച ഇല്ലാത്ത സഭയായിരിക്കും. കർത്താവിന്റെ വലിയ നിയോഗമാണ് നിങ്ങൾ ഭൂലോകം എങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം അറിയിക്കുക എന്നത്. നമ്മുടെ പരിധിയിൽ വരുന്ന എല്ലായിടത്തും അറിയിക്കേണ്ട മഹത്തായ നല്ല സന്ദേശമാണിത്. നിങ്ങളുടെ വിശ്വാസം അഥവാ കർത്താവിന്റെ വചനം മുഴങ്ങിചെന്നത് മക്കദോന്യയിലും അഖായിലും മാത്രമല്ല എല്ലായിടത്തും നിങ്ങൾക്ക് ദൈവത്തിലുള്ള വിശ്വാസം പ്രസിദ്ധമായിരിക്കുന്നു എന്നതാണ് തെസ്സലോനിക്യ വിശ്വാസികളെക്കുറിച്ചുള്ള പൗലൊസിന്റെ സാക്ഷ്യം.

വിശ്വാസത്താൽ രക്ഷിക്കപ്പെട്ട സകലർക്കുമുള്ള കടമയാണിത്. സുവിശേഷം ദൈവശക്തിയാണ്. അതിന്റെ കേന്ദ്രീയ വ്യക്തിത്വം ലോക രക്ഷകനായ യേശു ക്രിസ്തുവാണ്. ഈ നിസ്തുല്യ വ്യക്തിയിലുള്ള വിശ്വാസം വർദ്ധിതമായിരിക്കണം. ഈ വിലയേറിയ വിശ്വാസത്തിന്റെ നായകനായ കർത്താവിനെക്കുറിച്ച് ധൈര്യപൂർവ്വം പ്രസ്താവിപ്പാൻ നാം പ്രാപ്തരായിരിക്കണം. പൗലൊസ് പറയുന്നത് സുവിശേഷത്തെക്കുറിച്ച് ഞാൻ ലജ്ജിക്കുന്നില്ല എന്നാണ്. ഒരു മനുഷ്യന്റെ ആത്മാവിന്റെ വിലയേക്കുറിച്ച നാം ബോധവാന്മാരായിരിക്കണം. ഈ പ്രപഞ്ചത്തേക്കാൾ വിലയുള്ള ആത്മാവിന്റെ രക്ഷ വിശ്വാസത്താൽ മാത്രമാണ് ഒരുവനു ലഭിക്കുന്നത്. ഞാൻ ആരേ വിശ്വസിച്ചിരിക്കുന്നു എന്ന് നാം അറിഞ്ഞിരിക്കണം.

ദൈവസ്നേഹം എത്ര നിസ്തുല്യമാണ്. കാണ്മീൻ നാം ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ പിതാവായ ദൈവം നമ്മോട് കാണിച്ച മഹൽ സ്നേഹം എത്ര വലുതായിരുന്നു. ഈ നിർവ്യാജ സ്നേഹത്തിന്റെ സ്വാധീനത നമ്മിൽ വ്യാപരിക്കുമ്പോൾ അതിനായി എന്തു ത്യാഗവും സഹിപ്പാൻ നാം പ്രേരിതരായിരിക്കും. ശത്രുക്കളും പാപികളും ബലഹീനരുമായ നമ്മെ സ്നേഹിച്ച പിതാവായ ദൈവം തന്റെ ഏകജാതനെ തകർത്തുകളവാൻ പ്രസാദിച്ചു. കാൽവറി ക്രൂശിൽ പാപത്തിന്റെ കഠിനമായ ശിക്ഷ ഏൽക്കേണ്ടിവന്ന ദൈവപുത്രൻ പിതാവിനോട് പറഞ്ഞത് എന്റെ ഹിതമല്ല നിന്റെ ഹിതം എന്നിൽ നിറവേറട്ടെ എന്നാണ്. മാത്രമല്ല തന്നെ നിഷ്കരുണം ഉപദ്രവിച്ചവർക്കായി കർത്താവു പ്രാർത്ഥിച്ചത്, ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിവില്ലാകയാൽ ഇവരോട് ക്ഷമിക്കേണമേ എന്നാണ്.

സ്നേഹത്തിന്റെ പ്രയത്നം എന്നതിന് ഇംഗ്ലീഷിൽ Labour of love എന്നാണ് കാണപ്പെടുന്നത്. ഒരു കുഞ്ഞിന് ജന്മം നൽകാൻ മാതാവ് അനുഭവിക്കുന്ന വേദന എത്ര കഠിനമാണ്. എന്നാൽ പൈതൽ ജനിച്ചു കഴിയുമ്പോൾ മാതാവ് ഈ വേദന വിസ്മരിക്കുന്നു. ദൈവസ്നേഹത്തിന്റെ ആഴവും വീതിയും നീളവും ഉയരവും ഗ്രഹിപ്പാൻ കഴിഞ്ഞാൽ ഇതിനായി എന്തു ത്യാഗവും കഷ്ടവും സഹിപ്പാൻ നമുക്ക് സാധിക്കുന്നതാണ്. കർത്താവ് ശിഷ്യരോട് പറഞ്ഞത് ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ തമ്മിൽ തമ്മിൽ സ്നേഹിപ്പാനാണ്. സഹവിശ്വാസികൾ പരസ്പരം സ്നേഹിക്കുന്നവരായിരുന്നാൽ ഒരു ശക്തിക്കും നമ്മെ പരാജയപ്പെടുത്തുവാൻ കഴികയില്ല. ദൈവവിരോധിക

ളായ ഒരു കൂട്ടം ജനത സമീപത്ത് ദൈവത്തെ ആരാധിച്ചു വന്നിരുന്നവരെ പ്രതിരോധിച്ചു. അവർ കൂടി വന്നിരുന്ന ഇടത്ത് വാതിൽക്കൽ ഒരു വേദ പുസ്തകം വെച്ചിരുന്നു. ഇതിൽ തുപ്പി അതിന്മേൽ ചവുട്ടി ഇതിനുള്ളിൽ കഴിയുന്നവർക്കു രക്ഷപ്പെടു വാൻ ഞങ്ങൾ അവസരം നൽകാം. അതിനുള്ളി ലുള്ളവരെല്ലാം ജീവനെ ഭയന്ന് അപ്രകാരം ചെയ്തിട്ട് രക്ഷപ്പെട്ടു; അവസാനമായി ഒരു യുവതി കടന്നു വന്ന് തന്റെ തൂവാല കൊണ്ട് ആ പുസ്ത കത്തിൽ തുപ്പിയിരുന്നത് വൃത്തിയാക്കി. എന്റെ പ്രാണപ്രിയൻ എനിക്ക് എഴുതിയ പ്രണയലേഖ നമാണിത്. അതിനെ നിഷേധിക്കാൻ എനിക്ക് കഴി യില്ല. അവളെ എതിരാളികൾ വെടിവെച്ചുകൊന്നു. അടുത്ത ദിവസം വിവാഹിതയാകുവാൻ നിശ്ചയി ച്ചിരുന്ന പെൺകുട്ടിയാണ് ഇപ്രകാരം ജീവത്യാഗം ചെയ്തത്. എന്റെ രക്ഷക്കായി തന്റെ ചങ്കിലെ ചോര മുഴുവനായി ഊറ്റിതന്ന സ്നേഹനിധിയുടെ മുൻപിൽ ഇത്ര അധികം ചെയ്യാൻ ഞാൻ ബാദ്ധ്യ സ്ഥയാണ്. ഇതാണ് യഥാർത്ഥത്തിലുള്ള സ്നേഹ ത്തിന്റെ പ്രയത്നം.

ഈ ലോകത്തിൽ ജനിച്ച സകല മനു ഷ്യരും മരണം വഴിയായി അവസാനിക്കുകയാണ്. മരണത്തെ ജയിച്ച ഒരു വ്യക്തിയേയും കാണാൻ കഴിയുന്നില്ല. എന്നാൽ ദൈവപുത്രനായ ക്രിസ്തു മരിച്ച് അടക്കപ്പെട്ട് മൂന്നാം നാളിൽ പുനരുത്ഥാനം ചെയ്തു. ഇന്ന് പിതാവിന്റെ വലത്തു ഭാഗത്ത് തന്നിൽ വിശ്വസിക്കുന്നവർക്കായി പക്ഷവാദം ചെയ്യുന്ന ശ്രേഷ്ഠ മഹാപുരോഹിതനായിരിക്കുന്നു. എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും എന്നത് ജീവനെ കൊടുക്കുവാൻ കഴിയുന്ന ജീവ ദായകനായ ക്രിസ്തുവിന്റെ വാഗ്ദത്തമാണ്. തന്നിൽ വിശ്വസിച്ച് രക്ഷ പ്രാപിച്ച ദൈവമക്കൾക്ക് നൽകിയിരിക്കുന്ന പ്രത്യാശക്ക് ഭംഗമില്ല. ജീവനു ള്ള പ്രത്യാശയാണ്. അതിനാൽ പ്രത്യാശയിൽ സ്ഥിരതയുള്ളവരായിരിക്കണം. കാലം ചെല്ലും തോറും ഈ പ്രത്യാശയിൽ അസ്ഥിരരായിത്തീ രാൻ സാധ്യതയുണ്ട്. ലോകം, ജഡം, പിശാച് ഈ ത്രിമൂർത്തികൾ നമ്മിലുള്ള പ്രത്യാശയെ അസ്ഥി രരാക്കുവാൻ സദാ യത്നിച്ചുകൊണ്ടിരിക്കയാണ്.

വിശ്വാസവും പ്രത്യാശയും സ്നേഹവു മാണ് ഒരു വിശ്വാസിയുടെ അടിസ്ഥാന പ്രമാണം. ഈ മൂന്നു സവിശേഷതകൾ ബലപ്പെട്ടും വർദ്ധിച്ചും വരുന്നതാണ് വിശ്വാസിയുടെ നിലനി ല്പിന്നാധാരം. അപ്പൊസ്തലനായ പൗലൊസ് പറ യുന്നത്, ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു. അവൻ എന്റെ ഉപനിധി, ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തനുമാണ്. മര ണത്തെ ജയിച്ച് ജയാളിയായ കർത്താവിലാണ് നാം വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്യു ന്നത്. ആ വിശ്വാസിക്ക് മരണമേ, നിന്റെ ജയമെവി ടെ; പാതാളമേ, നിന്റെ വിഷമുള്ള് എവിടെ എന്ന് വെല്ലുവിളിപ്പാൻ കഴിയുന്നതാണ്.

ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങ ളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്ന റിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ. ത്രീയേക ദൈവത്തിന്റെ ധന്യമായ നാമം വാഴ്ത്ത പ്പെടുമാറാകട്ടെ.

## Continued from Page 19

reveal to the Assembly gradually towards the conviction of the flock while exercising the spiritual gift of 'serving' (Rom. 12: 6-8) and 'helps' (1 Cor. 12:28). If a candidate for eldership is one who has not served the Assembly by exercising their spiritual gifts under the authority of the Elders (1 Tim. 4:14), they would not be convincing towards the ministry. In other words, those who did not serve the body of Christ would not be able to govern the assembly.

The criteria of such appointment should be purely spiritual after discerning one's divine appointment that would reveal through their nature of ministries and qualifications to be an elder. Political appointments on the criteria of one's education, material and intellectual capabilities, social influence, worldly positions, family relationships are not scriptural and such appointments would only invite schisms and divisions in the Assembly. Existing elders must wait upon the Lord and only after spiritually discerning (1 Cor. 2:15) one's divine appointment revealed through their good work (1 Pet. 5:1) must introduce him to the Assembly as an Elder. If the candidate has already been serving the Assembly in manifold ways and has been exercising their spiritual gifts and also meets the qualifications, the spiritual brethren in the Assembly would spontaneously accept him without any objection. However, if such spiritual and scriptural criteria are not met with, there are possibilities of difference of opinions to come up from the members and might even led into divisions and schisms.

**(To be continued)**

ചിന്താസരണി

# ദൈവികതേജസ്സ് ലഭിക്കുന്നതിന്റെ പശ്ചാത്തലം

**ഉമ്മൻ ജോർജ്ജ്, തിരുവനന്തപുരം**

"അപ്പോൾ മേഘം സമാഗമനകൂടാരത്തെ മൂടി, യഹോവയുടെ തേജസ്സ് തിരുനിവാസത്തെ നിറച്ചു" (പുറ. 40:34).

അങ്ങനെ നാം പുറപ്പാടു പുസ്തകത്തിന്റെ അവസാന അദ്ധ്യായത്തിലേക്കു വന്നിരിക്കുകയാണ്. 39-ാം അദ്ധ്യായത്തിൽ നാം ഓർത്തതുപോലെ ഈ 40-ാം അദ്ധ്യായത്തിലും 'യഹോവ മോശെയോടു കല്പിച്ചതു പോലെ' എന്ന പ്രയോഗം ഏഴുപ്രാവശ്യം വരുന്നുണ്ട്. അർത്ഥാൽ യഹോവ കല്പിക്കാത്തത് ഒന്നും അവർ ചെയ്തില്ല, യഹോവ കല്പിച്ചതു ഒന്നും ചെയ്യാതിരുന്നുമില്ല. യഹോവ തന്റെ വചനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചെയ്ത് ദൈവജനമേ, നമുക്ക് നമ്മുടെ വിശ്വാസ ജീവിതം കഴിക്കാം.

സമാഗമനകൂടാരത്തോടുള്ള ബന്ധത്തിൽ സകല പണികളും തീർന്നതായി 39-ാം അദ്ധ്യായത്തിന്റെ ഒടുവിൽ നാം വായിക്കുന്നു. ഇനിയും വേണ്ടത് ദൈവിക ശുശ്രൂഷകൾ ആരംഭിക്കുകയാണ്. അതുതന്നെയാണ് 40-ാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ നാം കാണുന്നതും. തരം പോലെ ദൈവിക ശുശ്രൂഷകൾ ചെയ്യുവാൻ പാടില്ല. എല്ലാ കാര്യങ്ങൾക്കും ഒരു അടുക്കും ചിട്ടയും ഉണ്ടായിരിക്കേണം. തീയതിയുടെ കാര്യത്തിലും അതു തന്നെ. ഒന്നാം മാസം ഒന്നാം തീയതി സമാഗമന കൂടാരമെന്ന തിരുനിവാസം നിവർക്കേണം എന്ന് മോശെ നിശ്ചയിച്ചതല്ല. യഹോവ അങ്ങനെ അരുളിച്ചെയ്തു. സകലത്തിന്റെ ആദിയായ (വെളി. 21:6) നമ്മുടെ കർത്താവിനു തന്നെ നമ്മുടെ സകല ശുശ്രൂഷകളുടെയും ആദ്യസ്ഥാനം കൊടുക്കാം.

എണ്ണ അഥവാ തൈലം പരിശുദ്ധാത്മാവിന്റെ നിഴലാണ്. അഭിഷേക തൈലം എടുത്ത് സകലവും ശുദ്ധീകരിക്കുവാൻ യഹോവ മോശെയോടു പറയുന്നതായി 9-ാം വാക്യത്തിൽ നാം വായിക്കുന്നു. അയഞ്ഞമൂർ, സുഗന്ധലവംഗം, വഴനത്തൊലി, ഒലിവെണ്ണ എന്നീ നാലു വിലയേറിയ വസ്തുക്കൾ ചേർത്തുണ്ടാക്കിയതാണ് ഈ അഭിഷേക തൈലം എന്ന് പുറ. 30:22-25 വരെയുള്ള വാക്യങ്ങൾ വായിച്ചാൽ മനസ്സിലാക്കാം. ഈ അഭിഷേക തൈലത്തിന്റെ പൊരുളായ പരിശുദ്ധാത്മാവ് ആയിരിക്കുന്ന ഇടങ്ങളിൽ സഭകളിലായാലും വ്യക്തികളുടെ ഹൃദയങ്ങളിലായാലും സുഗന്ധത ഉണ്ടായിരിക്കും. ആത്മാവിനാൽ നിറയുവിൻ എന്ന് തിരുവചനം ആഹ്വാനം ചെയ്യുന്നതിന്റെ കഴമ്പ് സ്ഥിതി ചെയ്യുന്നത് ഇവിടെയാണ്. ഇല്ല എങ്കിൽ ഇടയ്ക്കിടയ്ക്ക് ആത്മീക നാറ്റം ഉണ്ടാകാം.

സമാഗമനകൂടാരത്തിനും യാഗപീഠത്തിനും നടുവിൽ സ്ഥാപിച്ച താമ്രത്തൊട്ടിയോടുള്ള ബന്ധത്തിൽ വിശ്വാസഗോളത്തിലെ ഉന്നതന്മാർക്ക് അനുകരണീയമായ ഒരു നല്ല സ്വഭാവം ദൈവദാസനായ മോശെയിൽ ഞാൻ ദർശിച്ചു. അഹരോനും അവന്റെ താമ്രത്തൊട്ടിയിൽ കൈയും കാലും കഴുകി (വാക്യം 30,31) എന്നു പറഞ്ഞാൽ അതു മനസ്സിലാക്കുവാൻ ബുദ്ധിമുട്ടില്ല. കാരണം അവർ നിയമിക്കപ്പെട്ട പുരോഹിതൻമാരാണ്. കഴുകിയവരുടെ കൂട്ടത്തിൽ മോശെയുടെ പേരാണ് ആദ്യം വരുന്നത്.

യിസ്രായേല്യരുടെ യുദ്ധത്തോടുള്ള ബന്ധത്തിൽ പഴയനിയമകാലത്തും ഇന്നും കാണുന്ന ഒരു സവിശേഷത പടക്കളത്തിന്റെ മുൻനിരയിൽ സാധാരണ പട്ടാളക്കാരോടു കൂടെ അവരുടെ സേനാനായകന്മാരും ഉണ്ടായിരിക്കും. ചരിത്രപ്രസിദ്ധമായ മേയ് 1967-ലെ മിന്നൽ യുദ്ധത്തിലും അതുതന്നെയാണു സംഭവിച്ചത്. നാലു പ്രബലശത്രുരാജ്യങ്ങൾ അമ്പേ തറപറ്റി. പഴയകാലങ്ങളിലെപ്പോലെ കവലകളിലെ സുവിശേഷപ്രസംഗങ്ങളിലും അതുപോലെ മറ്റെല്ലാ ആത്മീയ ശുശ്രൂഷകളിലും സഭയിലെ നേതാക്കന്മാർ മുൻപന്തിയിൽ നിന്നാൽ അതുവളരെ അനുഗ്രഹത്തിനു കാരണമായിത്തീരും.

ഈ അനുഗൃഹീത സത്യത്തെ അംഗീകരിച്ചുകൊണ്ടായിരിക്കേണം എബ്രായലേഖന കർത്താവ് ഇപ്രകാരം പറയുന്നുണ്ട്. പുതിയനിയമ വിശ്വാസികളാകുന്ന നമുക്ക് വലിയ പ്രത്യാശ ഉണ്ട്. അതു നിശ്ചയവും സ്ഥിരവും തിരശ്ശീലക്കകത്തേക്കു കടക്കുന്നതുമാകുന്നു. അവിടേക്ക് യേശു എന്നേക്കും മഹാപുരോഹിതനായി മുൻപുകൂട്ടി

**ശേഷം 16-ാം പേജിൽ**

# സങ്കീർത്തനങ്ങൾക്കു ഒരു മുഖവുര-9

ഡോ. മാത്യൂ വർഗ്ഗീസ്, നാഗ്പൂർ

സങ്കീർത്തനങ്ങൾ പലതരമുണ്ടെന്ന് നാം നേരത്തെ കണ്ടുകഴിഞ്ഞു. ഓരോതരം സങ്കീർത്തനങ്ങളിൽനിന്നും ചില മാതൃകകൾ പരിശോധിക്കയാണ് ഇനി.

ഒന്നാം സങ്കീർത്തനത്തിൽ തന്നെ ആകട്ടെ നമ്മുടെ ആരംഭം: ഉപദേശ സങ്കീർത്തനങ്ങൾ എന്ന 5-ാം വിഭാഗത്തിൽ പെടുന്നതാണ് ഇത്. എബ്രായഭാഷയുടെ പദവിന്യാസക്രമമനുസരിച്ചുള്ള ഒരു പദാനുപദ പരിഭാഷ ചുവടെ കൊടുത്തിരിക്കുന്നു:

1. ധന്യൻ ഈ നരൻ:
നടക്കില്ലിവൻദുഷ്ക്കർമ്മികളിൻ
മന്ത്രണത്തിൽ!
നിൽക്കില്ലിവൻ പാപികളിൻ മാർഗ്ഗേ;
ഇരിപ്പിടത്തിൽനിന്ദകരിൻ
ഇരിക്കുകയുമില്ലിവൻ!

2. കാരണം കർത്തൻ നിയമങ്ങളിൽ
(നിർണ്ണയങ്ങളിൽ)
ആണല്ലോ ഇവൻ ആനന്ദം,
ഈ നിയമങ്ങളിൽ ഇവൻ മനനം
ചെയ്യുന്നു,
ദിനരാത്രങ്ങളിൽ!

3. അവനാകും വൃക്ഷത്തെപ്പോലെ,
നീരരുവികളിൻ തീരത്ത് നട്ടിരിക്കും,
അതു ഫലം നല്കും തക്കസമയത്തിൽ,
അതിനിലകൾ വരളുകയുമില്ല,
അവൻ പ്രയത്നം എല്ലാം
സഫലമായിത്തീർന്നിടും!

4. അല്ലിതുപോൽ ദുർവൃത്തർ.
നിർണ്ണയം പതിർപോലെ,
പാറിപ്പോകുന്നവർ കാറ്റിനാൽ!

5. അതിനാൽ (എഴുന്നേറ്റു തല ഉയർത്തി)
നില്ക്കയില്ലവർ,
ന്യായവിധിയിൽ,
പാപികളോ സഭയതിൽ സദ്വൃത്തരിൻ!

6. കാരണം, അറിയുന്നല്ലോ കർത്തൻ
വഴിയതു സദ്വൃത്തരിൻ,
മാർഗ്ഗമതു ദുർവൃത്തരിൻ നശിച്ചിടുമല്ലോ!

മൂന്നു ശ്ലോകങ്ങളായി ഈ സങ്കീർത്തനത്തെ വിഭജിക്കാം. 1 മുതൽ 3 വരെ വാക്യങ്ങൾ ഒന്നാംശ്ലോകം, 4, 5 വാക്യങ്ങൾ രണ്ടാംശ്ലോകം, 6-ാം വാക്യം മൂന്നാംശ്ലോകം. ഒന്നാം ശ്ലോകത്തിൽ പറഞ്ഞ കാര്യങ്ങളുടെ നിഷേധമാണ് രണ്ടാംശ്ലോകം. അനുഗൃഹീതന്റെ അടയാളങ്ങൾ ഒന്നിൽ വിശദീകരിക്കുമ്പോൾ അഭിശപ്തൻ എങ്ങനെയുള്ളവനെന്ന് രണ്ടു വിശദമാക്കുന്നു. രണ്ടു ശ്ലോകങ്ങളുടെയും സാരാംശമാണ് മൂന്നാം ശ്ലോകമായ ആറാംവാക്യം.

അർത്ഥാലങ്കാരങ്ങളിൽ ശ്രദ്ധവെക്കുന്നതിനു മുമ്പായി ശബ്ദാലങ്കാരം ഒന്നു പരിശോധിക്കാം. ഒന്നാം വാക്യത്തിന്റെ ഒന്നാം പാദത്തിൽത്തന്നെയുള്ള അനുപ്രാസം എത്ര ആകർഷകം! *ശ* എന്ന അക്ഷരം കൊണ്ട് ഒരു സൌവർണ്ണ ശൃംഖല തീർത്തിരിക്കുന്നു കവി ഇവിടെ.

അശരൈ ഹാ ഈശ് ആശേർ ലോ
ഹലാഖ് ബ് അത്സാത് ര്ശയീം
ഉബ്! ദേരെഖ് ഹത്തയീംലോ അമാദ്
ഉബ്! മോശാവ് ലെത്സീം ലോ യശാവ്

ക്രിയാപദങ്ങളായ **ലോ ഹലാഖ്, ലോ** അമാദ്, **ലോ** യശാവ് (നടക്കില്ല, നിൽക്കില്ല, ഇരിക്കില്ല) ഇവയിലെ **ല**യുടെ കിലുകിലുക്കവും ശ്രദ്ധയിൽ പെടാതിരിക്കില്ല. ര്ശയീം, ഹത്തയീം, ലെത് സീം (ദുഷ്ക്കർമ്മികൾ, പാപികൾ, നിന്ദകർ) ഈ പദങ്ങളുടെ അന്ത്യവും സമാനമായിരിക്കുന്നത് യാദൃശ്ചികമെന്നു കരുതേണ്ടതില്ല.

ആത്മികത ചില 'അരുത് 'കളിൽ ഒതുക്കുന്നവർക്കുള്ള നല്ലൊരു മറുപടിയാണ് ഒന്നാം സങ്കീർത്തനം. യഥാർത്ഥ ആത്മികൻ വേർപാട് പാലിക്കുന്നവനാണെങ്കിലും (അത് അവന്റെ മുഖമുദ്രയാണെങ്കിലും) വേർപാട് എന്ന Isolation കൊണ്ടുമാത്രം ഒരാൾ ആത്മികനാകുന്നില്ല, അയാളുടെ ദൈനന്ദിന ജീവിതചര്യയും ശ്രദ്ധേയമാണ്. വചനം അയാൾക്ക് ചുറ്റും ഒരു Insulation ആണ്. വചനമെന്ന ഈ കവചമാണ് അവന് സംരക്ഷണമരുളുന്നത്. അവന്റെ വേരുകൾ ആഴത്തിലാഴ്ന്നിരിക്കയാൽ കൊടുങ്കാറ്റും പേമാരിയും അവനെ പിഴുതെറിയുന്നില്ല. ദുരുപദേശങ്ങളുടെ കൊടുങ്കാറ്റാകാം, ജീവിതത്തിന്റെ വിവിധരംഗങ്ങളിൽ നേരിടേണ്ടിവരുന്ന പ്രചണ്ഡമാരുതനാകാം, ഇവയൊന്നും അയാളെ ഇളക്കിമറിക്കാറില്ല.

ആദ്യപാദങ്ങളിലുള്ള *നടപ്പ്, നിൽപ്പ്, ഇരിപ്പ്* എന്നിവയിൽ ഒരുവന്റെ പ്രായോഗിക ജീവിതത്തിന്റെ എല്ലാ വശങ്ങളും സംക്ഷേപിച്ചിരിക്കുന്നു. ആത്മികത ചില പ്രത്യേക ദിവസങ്ങളിൽ, പ്രത്യേക സന്ദർഭങ്ങളിൽ മാത്രം പുറത്തെടുത്തണിയാനുള്ള തിരുവസ്ത്രമാണെന്നാണ് ചിലരുടെയെങ്കിലും ജീവിതം കണ്ടാൽ തോന്നിപ്പോകുന്നത്. എന്നാൽ യഥാർത്ഥ ആത്മികൻ ജീവിതത്തിന്റെ എല്ലാ ദിവസവും, ഏതവസരത്തിലും, ആത്മികനായിരുന്നുകൊണ്ട്, എല്ലാ രംഗങ്ങളിലും ദൈവത്തെ മഹത്വപ്പെടുത്തുന്നവനായിരിക്കും. അയാളുടെ ജീവിതം ആത്മികം, ഭൌതികം എന്നിങ്ങനെ പല കംപാർട്ടുമെന്റുകളായി തിരിച്ചിട്ടില്ല എന്നർത്ഥം!

നാലുപാടുമുള്ള സസ്യലതാദികളും വൃക്ഷങ്ങളുമെല്ലാം ഉണങ്ങിവരളുമ്പോഴും യഹോവയുടെ ന്യായപ്രമാണം 'രാപ്പകൽ ധ്യാനിക്കുന്ന'യാൾ അദൃശ്യമായ അഗാധതകളിലുള്ള നീർച്ചാലുകൾ വരെ എത്തുന്ന വേരുകൾ ഉപയോഗിച്ച് ജീവജലം ആവാഹിച്ചു കൊണ്ട് ഉണങ്ങിവരണ്ട ഊഷരഭൂമിയിലും അയാൾ ജീവന്റെ ഉർവ്വരത നിറഞ്ഞവനായി, ഫലസമൃദ്ധി ഉള്ളവനായിരിക്കും. ഏതു വൃക്ഷവും ഫലം കായ്ക്കുന്നത് തനിക്കുവേണ്ടി തന്നെ അല്ലാതിരിക്കുന്നതുപോലെ ആത്മികനും നിസ്വാർത്ഥനായി, അന്യർക്ക് ഉപകാരപ്രദമായിത്തീരുന്ന ഫലങ്ങൾ ആത്മികഫലങ്ങൾ നിറഞ്ഞ് സാർത്ഥക ജീവിതം നയിക്കുന്നവമായിരിക്കും.

നീതി കോട്ടിമറിക്കുന്ന, സത്യത്തെ അസത്യമായും അസത്യത്തെ സത്യമായും മാറ്റിമറിച്ചു കൊണ്ട് വിധി നിർണ്ണയം ചെയ്യുന്ന ലൌകിക ന്യായാസനങ്ങൾക്കുമുന്നിൽ നീതി നിഷേധിക്കപ്പെടുമ്പോൾ, 'ദൈവമേ, എഴുന്നേല്ക്കേണമേ, എനിക്കു ന്യായപാലനം ചെയ്യേണമേ,' എന്നു ഭക്തർ നിലവിളിക്കുമ്പോഴും, അവർക്കു തലകുനിക്കാതെ നിവിർന്നു നില്കാൻ കഴിയുന്നു. തന്റെ നിഷ്കളങ്കത (നീതിമാന്റെ വഴി) അറിയുന്ന ദൈവം ജീവിക്കുന്നു. ഈ ലോകത്തിൽ അന്യായം സഹിക്കേണ്ടി വന്നാലും, അയാളുടെ സാന്ത്വനം, ഒടുവിലൊരിക്കൽ, നീതിയുള്ള ന്യായാധിപതിയുടെ സിംഹാസനത്തിൻ മുന്നിൽ നില്ക്കുമ്പോൾ, നിവർന്നു നില്കാൻ കഴിയും എന്നതാണല്ലോ! അകൃത്യം മാത്രം ചെയ്ത്, ദൈവത്തിനും ദൈവികമായ യാതൊന്നിനും ജീവിതത്തിൽ സ്ഥാനം നല്കാതെ ജീവിച്ചയാളുടെ പതനം വർണ്ണിച്ചു കൊണ്ട് ഈ സങ്കീർത്തനംസമാപിക്കുന്നു. കീർത്തനഗ്രന്ഥത്തിന്റെപ്രാരംഭം ദൈവവചനത്തിന്റെ (ന്യായപ്രമാണത്തിന്റെ) പ്രായോഗികപ്രാധാന്യം ആഘോഷിച്ചു കൊണ്ടായിരിക്കുന്നതും എത്രയോ സംഗതം! **(തുടരും)**

---

**(17 -ാം പേജ് തുടർച്ച)**

(ഉല്പത്തി 6:21). മഴ 40 ദിവസമേ പെയ്തുള്ളൂ എങ്കിലും അവർ ഒരു വർഷത്തിൽ അധികം പെട്ടകത്തിനുള്ളിൽ തന്നെയായിരുന്നു. ദൈവം നോഹയ്ക്കുവേണ്ടി, അവരുടെ തലമുറകൾക്കുവേണ്ടി കരുതി.

മനുഷ്യർ ധാരാളം പണവും സമയവും ചിലവഴിച്ച് ഇങ്ങനെയുള്ള കാര്യങ്ങൾ നിർമ്മിക്കുമ്പോൾ അവരുടെ വലിയ കണ്ടുപിടുത്തമെന്നോ കഴിവെന്നോ ഒക്കെ വിശേഷിപ്പിച്ച് വലിയ ആളുകളാണ് തങ്ങളെന്ന ഭാവത്തിൽ തുടരുന്നു. എന്നാൽ ഇതൊക്കെ എത്രയോ ലാഘവത്തോടെ ചെയ്യുന്ന ദൈവം എത്രയോ വലിയവനാണ്! അവൻ ചെയ്യുന്ന വൻ കാര്യങ്ങളെ ഓർക്കുവാൻ നമുക്ക് നേരമുണ്ടോ! ലോകത്തിൽ മനുഷ്യ നിർമ്മിതങ്ങളായ ഈ സംഭാര നഗരങ്ങളെ വാനോളം പുകഴ്ത്തുമ്പോൾ ദൈവം ഓരോ ദിവസവും ചെയ്യുന്ന കാര്യങ്ങൾ മറ്റുള്ളവരോട് പറയുവാൻ നാം തുനിയാറുണ്ടോ? ദൈവം ചെയ്യുന്നതിന് പകരം വെയ്ക്കുവാൻ ഒരു മനുഷ്യനും സാധ്യമല്ല.

സങ്കീർത്തനക്കാരൻ ഇപ്രകാരം പറയുന്നു, "എന്റെ ദൈവമായ യഹോവേ, നീ ചെയ്ത അത്ഭുത പ്രവൃത്തികളും ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ വിചാരങ്ങളും വളരെയാകുന്നു; നിന്നോട് സദൃശ്യൻ ആരുമില്ല; ഞാൻ അവയെ വിവരിച്ച് പ്രസ്താവിക്കുമായിരുന്നു, എന്നാൽ അവ എണ്ണിക്കൂടാതെവണ്ണം അധികമാകുന്നു" (സങ്കീർത്തനം 40:5).

## URGENT PRAYER REQUEST
## BRO. TITTY MATHEW, PULIYODIL, THADIYOOR, THIRUVALLA

Please pray for Bro. Titty Mathew (31). He is in a critical condition and is admitted at KIMS Hospital, Trivandrum. His both kidneys failed due to pancreatitis. Doctors initially stated that there is no hope. But Our God is ABLE. Please remember him in your prayers for a speedy recovery. He is a member of Thadiyoor Brethren Assembly. Prayers coveted for our dear brother for healing and restoration. Please remember Sis. Jerina and kids also in prayers.

സഹോദരിമാരോട്:

# ആശക്കു വിരോധമായി ആശയോടെ

കെ. കമലം ഫിലിപ്പ്, മല്ലശ്ശേരി

വിശ്വാസികളുടെ പിതാവായ അബ്രാഹാമിന്റെ ഭാര്യയായ സാറായെ ആദരവോടും ബഹുമാനത്തോടും മാത്രമേ നമുക്ക് ചിന്തിക്കുവാൻ കഴികയുള്ളു. അബ്രാഹാമിന്റെ ഭാര്യയായതിനു ശേഷം സാറായുടെ ആഗ്രഹങ്ങളിൽ ഏറ്റവും വലുത് ഒരു കുഞ്ഞിന് ജന്മം നൽകുക എന്നതായിരുന്നു. എന്നാൽ ദീർഘ വർഷങ്ങൾ അതിനു സാദ്ധ്യമായില്ല. ഉല്പത്തി 11:30-ൽ നാം ഇങ്ങനെ വായിക്കുന്നു "സാറായി മച്ചിയായിരുന്നു. അവൾക്ക് സന്തതി ഉണ്ടായിരുന്നില്ല." ഓരോ പ്രഭാതവും സാറായെ സംബന്ധിച്ചിടത്തോളം വിരസതയും അസ്വസ്ഥതയും ഉളവാക്കുന്നതായിരുന്നു. വളരെയധികം കുറവുകൾ സാറായുടെ ജീവിതത്തിൽ ഉണ്ടായിട്ടും ദൃഢമായ വിശ്വാസത്തിന്റെയും ഹൃദയംഗമമായ ദൈവസ്നേഹത്തിന്റെയും ഉറവിടമായി നമുക്ക് സാറായെ സങ്കല്പിക്കുവാൻ കഴിയും. "വിശ്വാസത്താൽ സാറയും വാഗ്ദത്തം ചെയ്തവനെ വിശ്വസ്തൻ എന്ന് എണ്ണുകയാൽ പ്രായം കഴിഞ്ഞിട്ടും പുത്രോല്പാദനത്തിന് ശക്തി പ്രാപിച്ചു" (എബ്രാ. 11:11). വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനെന്ന് സാറായ്ക്ക് തിരിച്ചറിവായത് വൈകിയാണ്. അവിശ്വസനീയമായ സാഹചര്യങ്ങളിൽ കൂടെ കടന്നു പോയപ്പോഴും അവൾ പതറിയില്ല. ദൈവത്തിന്റെ വാഗ്ദത്ത നിവൃത്തിക്കു വേണ്ടി കാത്തിരുന്ന സാറാ അവസാനം യിസഹാക്കിന്റെ ജനനത്തോടെ ആ വാഗ്ദത്ത നിവൃത്തി നേടിയെടുത്തു. സങ്കീ. 113:9-ൽ നാം ഇങ്ങനെ വായിക്കുന്നു "അവൻ വീട്ടിൽ മച്ചിയായവളെ മക്കളുടെ അമ്മയായി സന്തോഷത്തോടെ വസിക്കുമാറാക്കുന്നു." കാരണം നമ്മുടെ ദൈവം വാഗ്ദത്തത്തിൽ വിശ്വസ്തനാകുന്നു.

ദൈവതിരുവെഴുത്തുകളിൽ ദൈവം പേര് നൽകിയിട്ടുള്ള ഒരാളാണ് സാറാ. അബ്രഹാമും അങ്ങനെ തന്നെ. ജാതികളിൽ നിന്നും വേർതിരിഞ്ഞ ഒരു കുടുംബം. വാഗ്ദത്തങ്ങളിൽ കൂടെ പലായനം ചെയ്ത് ദീർഘവർഷങ്ങൾക്കു ശേഷം ലോകരക്ഷകൻ അവതരിച്ച കുടുംബമായിത്തീർന്നു. ഇവർ രണ്ടുപേരും ദൈവിക വാഗ്ദത്തങ്ങളിൽ പൂർണ്ണമായി തങ്ങളെ സമർപ്പിച്ച് ആഗ്രഹനിവർത്തിക്ക് മടുപ്പു കൂടാതെ പ്രാർത്ഥിക്കുന്നവരായിരുന്നു. തന്മൂലം ഒരു വലിയ രാഷ്ട്രത്തിന്റെ കെട്ടുപണിയിൽ ഒരു പുതിയ വംശത്തിന് രൂപം കൊടുക്കുവാനുള്ള അടിസ്ഥാനം ഇടുവാൻ ദൈവം ഇവരെ നിയോഗിക്കുകയായിരുന്നു.

എബ്രായരുടെ വലിയ രാഷ്ട്രത്തിന്റെ ആദ്യത്തെ മാതാവ് എന്ന നിലയിൽ ആ അമ്മയുടെ സ്ഥാനം എത്ര ഉച്ചകോടിയിലാണ്. അവളുടെ പിൻതലമുറകളിൽ രാജാക്കന്മാരും, നേതൃത്വനിരയിലുള്ളവരും തുടർന്ന് അഭിഷിക്തനായ ദൈവപുത്രനും. ആ തേജോമയനായ പുത്രന്റെ ശിഷ്യഗണങ്ങളായ എല്ലാ വിശ്വാസികളും ആത്മീയ ഗോളത്തിൽ രാജകീയ പുരോഹിത വർഗ്ഗമായിരിക്കുന്നു. ഇങ്ങനെയുള്ള പ്രസിദ്ധിയാർജ്ജിച്ച ആ മാതാവ് കടന്നുപോയ കടമ്പകൾ ധാരാളമാണ്. ത്യാഗസമ്പൂർണ്ണമായ ഒരു ജീവിതം. 90 വയസ്സുവരെയും കാത്തിരുന്ന് വാർദ്ധ്യക്യത്തിൽ ഒരു മകനു ജന്മം നൽകുക. അവന് പ്രായമാകുമ്പോഴെക്കും താൻ അരങ്ങൊഴിയുകയും ചെയ്തു. റിബേക്കയെ സാറായുടെ കൂടാരത്തിലേക്ക് യിസഹാക്ക് സ്വാഗതം ചെയ്യുന്നു. സാറായുടെ റോൾ ഇവിടെ അവസാനിക്കുകയാണ്.

അബ്രഹാമിന്റെയും സാറായുടെയും പേരുകൾ മാറ്റുന്നതിൽ പ്രത്യേക ഉദ്ദേശ്യം ദൈവത്തിനുണ്ടായിരുന്നു നാം മനസ്സിലാക്കേണ്ടതാണ്. "ഞാൻ നിന്നെ ബഹുജാതികൾക്ക് പിതാവാക്കിയിരിക്കയാൽ നിന്റെ പേർ അബ്രഹാം എന്നിരിക്കേണം (ഉല്പത്തി 17:5). 15, 16 വാക്യങ്ങളിൽ സാറായിയുടെ പേര് സാറാ എന്നു മാറ്റുന്നതായി നാം വായിക്കുന്നു. ദൈവം അരുളിച്ചെയ്തത് സാറാ ജാതികൾക്ക് മാതാവായി തീരുകയും ജാതികളുടെ രാജാക്കന്മാർ അവളിൽ നിന്ന് ഉൽഭവിക്കയും ചെയ്യും എന്നാണ്.

ഫറവോന്റെയും അബിമേലെക്കിന്റെയും അരമനകളിൽ പേകേണ്ടി വന്ന സാറായ്ക്ക് പരപുരുഷസ്പർശമേല്ക്കാതെ സ്വന്ത ഭർത്താവിന്റെ അടുക്കൽ തിരികെ വരുവാനും അവളുടെ സൗന്ദര്യത്താൽ ആകൃഷ്ഠരായ രാജാക്കന്മാർക്ക് അബ്രഹാമിനോട് അടിയറവു പറയുവാനും കൃപാലുവായ ദൈവം സാറായ്ക്ക് കൂട്ടുനിന്നു. ദൈവസ്നേഹത്തിന്റെ ആഴം, ദൈവിക സാന്നിദ്ധ്യം, ദൈവിക കരുതൽ എന്നിവ നാം ഇവിടെ ദർശിക്കുന്നു.

ഹാഗാറിൽ നിന്നും അബ്രഹാമിന് ഒരു

സന്തതിയെ ജനിപ്പിക്കുവാൻ സാറാ പ്രേരിപ്പിച്ചത് സാറായുടെ ജീവിതത്തിൽ സംഭവിച്ച ഒരു വീഴ്ചയായിരുന്നു. എന്നാൽ ദൈവം സാറായ്ക്ക് 90-ാം വയസ്സിൽ ഒരു മകനെ നൽകി തന്റെ വാഗ്ദത്തം നിറവേറ്റുകയും ചെയ്തു. പ്രിയ സഹോദരിമാരേ, ദൈവിക ഹിതപ്രകാരമുള്ള അനുഗ്രഹങ്ങൾ ദൈവികനിയോഗത്താൽ ദൈവത്തിന്റെ സമയത്ത് ദൈവം നിറവേറ്റി നമുക്ക് ലഭ്യമാകുന്നു എന്ന ഒരു വിലപ്പെട്ട പാഠമാണ് സാറായുടെ ജീവിതത്തിൽ സംഭവിച്ച പരാജയം നമ്മെ ഓർപ്പിക്കുന്നത്.

127 വയസ്സുവരെ ജീവിച്ച സാറായുടെ അന്ത്യം ശാന്തസുന്ദരമായിരിക്കണം. ഈ ലോകത്തിലെ കഷ്ടങ്ങളും പ്രയാസങ്ങളും അനുഭവിച്ച് ശേഷം വിശ്രമിക്കുവാൻ പോകുന്നു. അപ്പൊസ്തലനായ പത്രൊസിന്റെ വാക്കുകൾ ശ്രദ്ധിക്കുക: “അങ്ങനെ സാറാ അബ്രഹാമിനെ യജമാനൻ എന്നു വിളിച്ച് അനുസരിച്ചിരുന്നു. നന്മ ചെയ്തു യാതൊരു ഭീഷണിയും പേടിക്കാതിരുന്നാൽ നിങ്ങൾ അവളുടെ മക്കൾ ആയിത്തീർന്നു” (1 പത്രൊസ് 3:6).

പ്രിയ സഹോദരിമാരേ, അസാദ്ധ്യമായത്, മാറ്റുവാൻ കഴിയാത്തത്, അപര്യാപ്തമായത് ഇങ്ങനെ നാം ചിന്തിക്കുന്ന സന്ദർഭങ്ങളിലെല്ലാം കേവലം വിശ്വാസം മാത്രം മുറുകെപ്പിടിച്ച് നമ്മെ ദൈവസന്നിധിയിൽ സമർപ്പിക്കാം. “തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവന്നും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ. അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവത്തിന്നു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു” (2 പത്രൊസ് 1:3-4). നമ്മുടെ ദൈവം വിശ്വസ്തനല്ലോ! അതെ, അവനിൽ നമുക്ക് ആശ്രയിക്കാം. തന്റെ വാഗ്ദത്തനിവൃത്തിക്കായി കാത്തിരിക്കാം.

**(12-ാം പേജ് തുടർച്ച)**

നമുക്കു വേണ്ടി പ്രവേശിച്ചിരിക്കുന്നു (എബ്രാ. 6:19,20). ഇതോടു ചേർന്ന് എബ്രായർ 9-ന്റെ ആദ്യാഭാഗം കൂടെ വായിക്കുക. അപ്പോൾ ചിത്രം കൂടുതൽ വ്യക്തമാകും. മോശെപോലും കണ്ടു ഭയന്നുപോയ ആ വലിയവനും പരിശുദ്ധനുമായ ദൈവത്തിന്റെ സന്നിധിയിലേക്ക് ഇവ്വിധം പ്രവേശനം ലഭിക്കുവാൻ കാരണഭൂതനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന് സകല നന്ദിയും സ്തോത്രവും കരേറ്റാം.

ലോകം വളരെ പുരോഗമിച്ച ഈ ശാസ്ത്രയുഗത്തിലും പാപമോചനത്തിനായും മോക്ഷത്തിനായും അനേകർ അർത്ഥശൂന്യമായ പല കർമ്മങ്ങളും ചെയ്യുന്നുണ്ട്. പലരും പണവും സമയവും ചെലവഴിച്ച് പുണ്യസ്ഥലങ്ങളിൽ പോകുന്നുണ്ട്. അങ്ങനെയുള്ള ആരെങ്കിലും ഈ വരികൾ വായിക്കുന്നുണ്ട് എങ്കിൽ, വിനയത്തോടു കൂടെ അവരോടു പറയാനുള്ളത് ഇത്രമാത്രം: ദൈവപുത്രനായ യേശുക്രിസ്തു എന്ന ചരിത്രപുരുഷൻ മാത്രമേ പാപവിമോചകനായിട്ടുള്ളു. അവനെ നിങ്ങളുടെ രക്ഷിതാവായി അംഗീകരിക്കുക. സർവ്വശക്തൻ അതിനു കൃപ പകരുമാറാകട്ടെ.

## പുസ്തകപരിചയം

**പത്തനംതിട്ട:** ഡോ. ഉമ്മൻ ഫിലിപ്പ് രചിച്ച ***ക്രിസ്തീയ കൗൺസെലിംഗ്*** എന്ന ഗ്രന്ഥത്തിന്റെ ചുരുക്കം ചില പ്രതികൾ ലഭ്യമാണ്. ക്രിസ്തീയ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന ഏവർക്കും അവരുടെ ശുശ്രൂഷകളിൽ ഈ പുസ്തകം പ്രയോജനപ്പെടും. പത്തനംതിട്ട ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ പുസ്തകത്തിൽനിന്നും ലഭിക്കുന്ന തുക മുഴുവനും ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതാണ്. വില. 100 രൂപ; വിദേശത്തേക്ക്: 10 ഡോളർ. ഈ പുസ്തകം ലഭിക്കുന്ന സ്ഥലങ്ങൾ:

1. Brethren Bible Institute, P.O. Box 46, Pathanamthitta, Kerala, India - 689 645. Tel: +91-9447265500 (Dr. K.C. Johnson); E-mail: bbipathanamthitta@gmail.com
2. Bro. Mathew Philip, Trivandrum (Tel: +91-9895558656);
3. Bro. Bobby George Varghese, Bahrain.

# പത്തായം

ധർമ്മരാജ്. ജി, മാവേലിക്കര

ഒരു പക്ഷെ കൂട്ടുകാർ എലിപ്പത്തായം എന്ന് കേട്ടിട്ടുണ്ടാകുമല്ലോ. എലി ശല്യമുള്ളപ്പോൾ ഭക്ഷണം ഒരു പെട്ടിയിൽ വെച്ച് എലിയെപ്പിടിക്കുന്ന രീതിയാണിത്. എന്നാൽ അങ്കിൾ പറയുവാൻ പോകുന്നത് എലിപ്പത്തായത്തെക്കുറിച്ചല്ല. പണ്ടുകാലത്ത് നെൽകൃഷിക്കാർ കറ്റമെതിച്ച്, നെല്ല് പുഴുങ്ങി, ഉണക്കി എലിയോ പാറ്റയോ ഒക്കെ കയറാതെ സുരക്ഷിതമായി സൂക്ഷിക്കുവാൻ വേണ്ടി തടികൊണ്ട് നിർമ്മിക്കുന്നതും അറകളുള്ളതുമായ വലിയ തടിപ്പെട്ടിയാണ് പത്തായം. പണ്ട് കാലത്ത് ഇന്നത്തെപ്പോലെ പ്ലാസ്റ്റിക് സഞ്ചികളും, പ്ലാസ്റ്റിക് ചാക്കുകളും ഒന്നും ഇല്ലായിരുന്നു. അതേപോലെതന്നെ ധാന്യവർഗ്ഗങ്ങളും മറ്റും കേടുകൂടാതെ സൂക്ഷിക്കുവാൻ മറ്റു മാർഗ്ഗങ്ങളൊന്നും തന്നെ ഇല്ലായിരുന്നു. ഇന്ന് ഈ വക സാധനങ്ങളെല്ലാം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ആധുനിക സൗകര്യങ്ങൾ ഉണ്ട്. മനുഷ്യന്റെ ഓരോരോ കണ്ടുപിടുത്തങ്ങൾ എന്ന് എല്ലാവരും ഇതിനെ വിലയിരുത്തുകയും പ്രശംസിക്കുകയും ചെയ്യുന്നു.

ഇന്നത്തെ ലോകത്തിലെ ഏറ്റവും വലിയ ധാന്യപ്പുര എന്നു വിശേഷിപ്പിക്കാവുന്ന ഒരു സ്ഥലം ഭൂമിയിലുണ്ട്. ലോകത്തിലുള്ള എല്ലാത്തരം സസ്യങ്ങളുടെയും ധാന്യങ്ങളുടെയും ഒക്കെ വിത്തുകൾ കേടുകൂടാതെ സൂക്ഷിക്കുന്ന ഒരു സ്ഥലം. മഞ്ഞുപാറയ്ക്കുള്ളിലെ ഈ വിത്തിന്റെ നിലവറയ്ക്ക് ഏകദേശം 120 മീറ്റർ നീളമുണ്ട് ഈ കെട്ടിടം സമുദ്രനിരപ്പിൽ നിന്നും 130 മീറ്റർ ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഭൂമിയുടെ ഉത്തരധ്രുവത്തിൽ നിന്നും 1300 കിലോമീറ്റർ ദൂരത്തുള്ള യൂറോപ്യൻ ഭൂഖണ്ഡത്തിലെ നോർവെ എന്ന രാജ്യത്താണ് ലോകത്തിന്റെ ഈ വിത്ത് സംഭരണ നിലവറ യുള്ളത്. ഏകദേശം ഒരുലക്ഷത്തി അൻപതി നായിരത്തിലധികം ഇനങ്ങളിലുള്ള വിത്തുകൾ ലോകത്തിലെ എല്ലാ രാജ്യങ്ങളിൽ നിന്നും സൂക്ഷിച്ചിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം എന്താണെന്നറിയാമോ? ഏതെങ്കിലും നിലയിൽ നിലനിന്നു പോകുന്ന ഭക്ഷ്യ സാധനങ്ങളെ വീണ്ടും പുനരുദ്ധരിക്കുവാനാണിത്. ഈ കെട്ടിടത്തിന് മഴയേയും യുദ്ധത്തേയും ഭൂകമ്പത്തേയുമൊക്കെ അതിജീവിക്കുവാനുള്ള കഴിവുണ്ടെന്നാണ് ഇതിന്റെ നിർമ്മാതാക്കൾ അവകാശപ്പെടുന്നത്. ജൂൺ 19, 2006-ൽ പണിതുടങ്ങിയ ഈ നിലവറ പൂർത്തിയാകുന്നത് 26 ഫെബ്രുവരി 2008-ൽ ആണ്. ഇത് പണിയുവാൻ ചിലവഴിച്ച തുകയോ, ഏകദേശം 9 മില്യൺ ഡോളർ അതായത് ഏകദേശം 60 കോടി രൂപ. അതിശയം തന്നെ അല്ലേ! അതുമാത്രമല്ല, ഈ കെട്ടിടത്തിനുള്ളിലെ താപനില നിലനിർത്തുവാനായിട്ട് ഇത് മഞ്ഞുമലയ്ക്കടിയിലാണെങ്കിലും ഇതിന്റെ ഉൾഭാഗം ശീതീകരിച്ചതാണ്. ഇതിനുള്ളിലെ വിത്തുകൾ 100 മുതൽ 1000 വർഷംവരെ കേടുകൂടാതെയിരിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. മനുഷ്യൻ ഓരോ കാര്യങ്ങൾ ചെയ്യുന്നതിന് എന്തുമാത്രം ചിലവാണല്ലേ?

ബൈബിളിലേക്ക് നോക്കിയാൽ ഇതേപോലെയുള്ള സംഭരണികൾ നമുക്ക് കാണുവാൻ കഴിയും. പുറപ്പാട് 1:11-ൽ പിഥോം എന്നും റയംസേസ് എന്നുമുള്ള സംഭാര നഗരങ്ങളെ കാണാം. ഇവ ഫറവോന്മാർ യിസ്രായേൽ മക്കളെക്കൊണ്ട് പണികഴിപ്പിച്ചവയാണ്. ഈ സംഭാരനഗരങ്ങളിൽ അവർ ധാന്യങ്ങളും, വിലപിടിപ്പുള്ള വസ്തുക്കളും സൂക്ഷിച്ചുപോന്നു. കുറേക്കൂടെ പിന്നിലേക്ക് കണ്ണോടിച്ചാൽ യോസേഫ് ഫറവോന്റെ സ്വപ്നത്തിന്റെ വ്യാഖ്യാനം പറഞ്ഞത് ഓർക്കുന്നില്ലേ? 7 വർഷത്തെ സുഭിക്ഷമായ കാലത്തിനുശേഷം 7 വർഷത്തെ കഠിനക്ഷാമം വരുവാൻ പോകുന്നു. അതുകൊണ്ട് ധാന്യം ശേഖരിച്ചു വെയ്ക്കുവാൻ യോസേഫ് ഫറവോനോട് നിർദ്ദേശിക്കുകയും അതിൻ പ്രകാരം അവർ 7 വർഷത്തെ ക്ഷാമത്തെ അതിജീവിക്കുകയും ചെയ്തു. പിന്നേയും ബൈബിളിന്റെ ചരിത്രത്തിൽ പിന്നിലേക്കു പോയാൽ ഭക്ഷണ സാധനങ്ങൾ കേടുകൂടാതെ സൂക്ഷിച്ച മറ്റൊരു ചരിത്രമുണ്ട്. ദൈവം നോഹയോട് ഇപ്രകാരം പറഞ്ഞു, ''നീയോ ഭക്ഷണ സാധനങ്ങളിൽ നിന്നും വേണ്ടുന്നത് എടുത്ത് സംഗ്രഹിക്കേണം, അവ നിനക്കും അവയ്ക്കും ആഹാരമായിരിക്കേണം''

ശേഷം 14-ാം പേജിൽ

# അഭിഷേകം

**തോമസ് എബ്രഹാം, അറ്റ്ലാന്റ**

**ആ**ത്മാഭിഷേകം എന്നതിന് ചെറിയ ഒരു വിശദീകരമാണ് ഇവിടെ കുറിക്കുന്നത്. ഒരുവനിൽ പരിശുദ്ധാത്മാവ് അധിവസിക്കുന്നതിനെ അഭിഷേകമായി കണക്കാക്കാം. അഭിഷേകത്തിൽ ദൈവത്തിന്റെ ആത്മാവിന്റെ വാസം പഴയനിയമ കാലത്ത് താല്ക്കാലികമായി ഉണ്ടായിരുന്നു. ഉദാഹരണമായി ശൗലിനെ അഭിഷേകം ചെയ്തു കഴിഞ്ഞപ്പോൾ ദൈവം അവനു പുതിയ ഒരു ഹൃദയം നല്കി (1 ശമൂ. 10:1,9). ദൈവത്തിന്റെ അഭിഷിക്തരായ നാടുവാഴിയായ സെരുബ്ബാബേലിലും മഹാപുരോഹിതനായ യോശുവായിലും പ്രവൃത്തിച്ച ശക്തി സൈന്യത്താലും ശക്തിയാലും അല്ലായിരുന്നു; ദൈവത്തിന്റെ ആത്മാവിനാലത്രെ (സെഖ. 4:1-14). സകല വിശ്വാസികളും അഭിഷിക്തരാണ് അഥവാ അഭിഷേകം പ്രാപിച്ചവരാണ് (2 കൊരി. 1:21; 1 യോഹ. 2:20,27). നമ്മിൽ വസിക്കുന്ന ഒന്നായിട്ടാണ് അഭിഷേകത്തെക്കുറിച്ച് ഈ ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നത്. ഇത് സത്യം അറിയുവാൻ നമ്മെ സഹായിക്കുന്നതിനോടുള്ള ബന്ധത്തിൽ കാണിച്ചിരിക്കുന്നു. പഴയനിയമത്തിൽ ചില വ്യക്തികളെ പ്രത്യേക ദൗത്യത്തിനായി ആത്മാവിൽ നിറയ്ക്കുകയായിരുന്നു. എല്ലാവർക്കും ഇല്ലായിരുന്നു. എന്നാൽ പുതിയനിയമത്തിൽ എല്ലാ രക്ഷിക്കപ്പെട്ടവരിലും ആത്മാവ് സ്ഥിരമായി വസിക്കുന്നു. പഴയനിയമത്തിൽ വ്യക്തികളിൽ ഇത് ആവർത്തിക്കപ്പെടുന്നതായിരുന്നു. പുതിയ നിയമത്തിൽ ആവർത്തിക്കപ്പെടുന്നില്ല. ഒരിക്കലായിട്ടാണ്. അത് കൂടെ വസിക്കയും നമ്മിൽ ഇരിക്കയും ചെയ്യുന്നു (യോഹ. 14:17). നമുക്ക് അനുഭവപ്പെട്ടാലും ഇല്ലങ്കിലും ദൈവം തന്ന പരിശുദ്ധാത്മാവ് നമ്മിൽ സ്ഥിരമായി വസിക്കുന്നു. ആത്മാവ് നമ്മിൽ ഉണ്ടന്നുള്ള അറിവ് നമുക്ക് അനുഭവപ്പെടണമെങ്കിൽ നാം ആത്മാവിൽ നിറയപ്പെട്ട ജീവിതം നയിക്കണം. അതിനാൽ ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ നമ്മുടെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള വിവേകം ഉണ്ടാകുന്നു. കൂടാതെ ദൈവസാന്നിദ്ധ്യം അനുഭവമാക്കുവാനുള്ള പ്രോത്സാഹനം ലഭിക്കുന്നു. മൂന്നാമത് ദൈവത്തിനു വിരോധമായുള്ള പാപത്തെ വിവേചിപ്പാനുള്ള കഴിവ് ലഭിക്കുന്നു.

അഭിഷേകത്താൽ ഒരു പദവി ലഭിക്കുന്നു; അല്ലങ്കിൽ വേറെ ഏതെങ്കിലും ഒരു കാര്യനിർവ്വഹണത്തിനായി നിയമിച്ചാക്കുന്നു. പുതിയനിയമ വിശ്വാസികളോടുള്ള ബന്ധത്തിൽ അവർ എല്ലാവരും രാജകീയ പുരോഹിത വർഗ്ഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു. പുരോഹിതന്മാർക്കെ ദൈവത്തെ ആരാധിപ്പാൻ കഴികയുള്ളു. മാത്രമല്ല, ക്രിസ്തുവിന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ നിയമിച്ചിരിക്കയുമാണ്. ആകയാൽ എല്ലാ പുതിയനിയമ വിശ്വാസികൾക്കും ദൈവം ആത്മാഭിഷേകം നല്കിയിരിക്കുന്നു (1 പത്രൊസ് 2: 5,9). അഭിഷേകം പ്രാപിക്കുവാൻ ആത്മിക പക്വതയുടെ ആവശ്യമില്ല. യോഹന്നാൻ അപ്പൊസ്തലൻ തന്റെ ഒന്നാം ലേഖനം ആത്മീയമായുള്ള പിതാക്കന്മാർക്കും, ബാല്യക്കാർക്കും, കുഞ്ഞുങ്ങൾക്കും എഴുതിയിരിക്കുന്നു. കുഞ്ഞുങ്ങൾ എന്നപദം 9 പ്രാവശ്യം അതേ ലേഖനത്തിലുണ്ട്. അതിന് ഗ്രീക്കിൽ രണ്ട് വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ഒന്ന് 'ടെക്നിയാ' എന്നും മറ്റത് 'പൈടിയാ' എന്നുമാണ്. ഏഴുപ്രാവശ്യം 'ടെക്നിയാ' (കുഞ്ഞുങ്ങൾ) എന്ന പദം ഉണ്ട്. അതിന്റെ അർത്ഥം പ്രായമോ പക്വതയോ വ്യത്യാസമില്ലാതെ ദൈവത്തിൽ നിന്നും ജനിച്ച ദൈവമക്കൾ എന്നാണർത്ഥം. എന്നാൽ രണ്ട് ഇടത്ത് 'പൈടിയാ' എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട് (1 യോഹ. 2:13,18). അതിന്റെ അർത്ഥം ആത്മിക ശിശുക്കൾ എന്നാണ്. അവരോട് അപ്പൊസ്തലൻ പറയുന്നു: "കുഞ്ഞുങ്ങളേ (പൈടിയാ), ഇത് അന്ത്യനാഴികയാകുന്നു; എതിർക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. . . . നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു സകലവും അറിയുന്നു (1 യോഹ. 2: 18-20). തുടർന്നെഴുതിയിരിക്കുന്നത് "നിങ്ങളെ തെറ്റിക്കുന്നവരെ ഓർത്ത് ഞാൻ ഇത് നിങ്ങൾക്ക് എഴുതിയിരിക്കുന്നു." അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല; അവന്റെ അഭിഷേകം തന്നെ നിങ്ങൾക്കു സകലതും ഉപദേശിച്ചു തരുന്നു" (1 യോഹ. 2: 26,27). ഈ ആത്മിക ശിശുക്കൾ രക്ഷിക്കപ്പെട്ടവരാണ്. അവർ പുത്രനിലും പിതാവിലും വസിക്കുന്നു (1 യോഹ. 2:24). അതാണ് നിത്യജീവൻ (2:25). ആത്മീയമായി വളരെ പക്വത പ്രാപിച്ചവർക്കെ അഭിഷേകം ലഭിക്കുകയുള്ളു എന്നാണ് ചിലർ പറഞ്ഞു തെറ്റിപ്പാൻ നോക്കുന്നത്. അവരെ ഓർത്ത് അപ്പൊസ്തലൻ പരിശുദ്ധാത്മാവിനാൽ എഴുതിയിരിക്കുകയാണ്. നിങ്ങളെ തെറ്റിക്കുന്നവരെ ഓർത്ത് ഞാൻ ഇത് എഴുതിയിരിക്കുന്നു. നിങ്ങൾ അഭിഷേകം പ്രാപിച്ചവരാണ്. അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ ഇരിക്കുന്നു (2:27).

# Local Assembly Oversight and Functions-Part 5

**Rajan Thomas, Bahrain**

### Appointment of Elders

Undoubtedly the Elders are appointed by God the Holy Spirit (Acts. 20:28). However, how is this divine appointment implemented? It is evident that the Holy Spirit appointed elders are introduced to the Assembly by the Evangelist himself, who was instrumental in planting the Assembly as Paul and the missionary company did (Acts. 14:23). Or he may delegate such responsibility to one of his co-workers as Paul did with Titus (Titus 1:5). Paul spent 18 months in Corinth and 36 months in Ephesus in teaching and admonishing the new converts and 'kept back nothing that was profitable' (Acts. 20:20). It is certain that during this tenure one of his priorities was to place Elders. Because the Corinthians Believers 'came behind in no gift' (1 Cor. 1:7) including the spiritual gift of 'governing' (1 Cor. 12:28). Similarly, he called the Elders of Ephesus to Militus (Acts 20:17) a clear indication that he knew who the elders by virtue of his 36 months of ministry there.

Titus was left at Crete (Titus 1:5) to 'set in order the things that are wanting' meaning certainly teaching and establishing the believers in faith which also includes to spiritually discern who the elders are and encourage them in 'taking the oversight' (1 Pet. 5:2). Thus, it is clear that the Evangelist or his co-workers who are instrumental to plant a new Assembly are the ones to introduce and encourage elders who are appointed by the Holy Spirit.

The question still remains as to how elders or additional elders are established in an assembly. Is it the role of the Evangelists as in the case of newly planted Assemblies? The Evangelist after establishing the Assembly and placing elders may move out from their to plant more assemblies given that their call and functional role are for winning souls and planting new Assemblies. That's why the mention of only 'the Bishops' and 'Deacons' and not 'the Evangelists' in Phil. 1:1. How can it be practical for the Evangelist who is an itinerant worker in the model of Philip the Evangelist moving from place to place by the directions of the Holy Spirit is able to be 'among' the flock? (1 Peter 1:1). And if they are not available always to be 'among' the flock, how can they 'rule over' the flock? (Acts. 20:28, Heb. 13:17). Elders are the ones to exercise the function of shepherds and it demands their presence with the flock always in order to feed and protect.

Even if the Evangelists might be based in the Assembly in active fellowship as Philip in Caesarea (Acts. 21:8), it is evident in the light of Philip. 1:1 that they do not have any specific role in 'governing' the assembly. However, the oversight and the Assembly must consider them as 'the ministers of Christ, and stewards . . . of God" (1 Cor. 4:1), whether they are based in the Assembly or itinerant out in the fields, providing due respect and support as their feet are lovely (Is. 52:7). The Evangelist who planted the Assembly could exhort and admonish as Paul exercised in Corinth through his epistles to the Assembly. Continued on Page 11

Therefore, in an established assembly, as the Evangelists do not have the role of governing, it can very well be inferred that the ruling elders are the ones to introduce additional elders to the Assembly after spiritually discerning their divine appointment (Acts. 20:28). This truth could be inferred from 1 Timothy 4:14 as Timothy was encouraged to exercise the spiritual gift as an Elder by the already existed elders in the local assembly where he was. Such appointment always would be revealed in the Assembly towards the inner conviction of the believers by the candidate's 'good work' (1 Tim. 3:1). Good works or ministries of one would

**Continued on Page 11**

# BRETHREN BIBLE INSTITUTE
## Pathanamthitta, Kerala
## Admission Notice

**A. RESIDENTIAL PROGRAMMES**: Applications are invited from born again, baptised and dedicated bachelors who are 17 and above for admission to the following courses commencing from 29th April, 2016.

**1. B.Th. Programme**: BBI offers a three year Bachelor of Theology programme in English medium. Those who have passed Pre-degree/Plus Two/Intermediate or its equivalent may apply for the B.Th. programme. Those who have successfully completed a two year Bible School training in English medium after passing their S.S.L.C. also will be admitted to the B.Th. programme. In exceptional cases Plus Two failed candidates also will be considered for auditing this course. There is no fee for this programme.

**2. P.G. Programmes (M.B.S., M.Div. & M.Th.)**: BBI offers a two year residential Master in Biblical Studies (M.B.S) programme, a two year residential Master of Divinity (M.Div.) programme and a three year residential Master of Theology (M.Th.) programme. Those who have passed B.Th. or its equivalent with C+ (75% Marks) may apply for these programmes. Those who have passed a secular degree with a second class may also apply for the P.G. programmes. There is a nominal fee for these programmes.

**B. COURSES OFFERED THROUGH DISTANCE EDUCATION**: Applications are invited from born again believers (both male & female) for admission to the following Distance Education courses.
Application forms can be submitted round the year.

**1. M.B.S.** Qualification: A secular degree in any field OR Mature candidates (25 years and above) without a secular degree can be admitted after passing an entrance examination in the following areas. i. Bible Knowledge, ii. Christian Experience, iii. Proficiency in English Language; Duration: 2 years

**2. M.Div.** Qualification: A Bachelors Degree in Theology, or a secular Bachelors Degree with theological education. Duration: 2/3 years

**3. M.Th.** Qualification: B.D. / M.B.S./ M.Div./ a Secular Master's degree/a Professional Degree with good academic records. Duration: 2/2/2/4/4 years

All courses are offered only in English medium. Prospectus and application forms can be had from the Office of Admissions/Academic Dean, Brethren Bible Institute, Elanthoor-Pariyaram P.O., Pathanamthitta District, Kerala, India-689 643 by paying rupees 100 by means of M.O. Those from abroad need to send rupees 150 by crossed demand draft in favour of "Brethren Bible Institute," Pathanamthitta. Prospectus and Application forms can be down loaded from our web sites <www.bbionline.in> or <www.bbipta.com>. The last date for submitting the application for the residential programme is April 4, 2016. Application forms can be submitted round the year for the Distance Education courses. For more information contact Academic Dean. Mob. +91-9447265500, bbipathanamthitta@gmail.com or 0468-2224045 (O.T. Cheriyan, Secretary).

## അഭ്യർത്ഥന

**തെരന്നൂർ, തിരുവനന്തപുരം:** കണ്ണൂർ ജില്ലയിൽ കീഴ്പള്ളി ബ്രദറൺ സഭയുടെ പ്രവർത്തനഫലമായി ഞാനും കുടുംബവും (എം.പി. സജു, ലിസ്സി സജു) 1998–ൽ രക്ഷിക്കപ്പെട്ടു. ആ സഭയുടെ കൂട്ടായ്മ ബന്ധത്തിലായിരുന്ന് അവിടെ ആരാധിച്ചുകൊണ്ടിരിക്കുമ്പോൾ കർത്താവിന്റെ വേലയെക്കുറിച്ചുള്ള വിളിയും തിരഞ്ഞെടുപ്പും ബോധ്യമാകുകയും 2001–2002–ൽ കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ ദൈവവചനം പഠിക്കുവാൻ കർത്താവു കൃപ ചെയ്തു. നെയ്യാറ്റിൻകരക്കടുത്തുള്ള തേരന്നൂർ എന്ന സ്ഥലത്തു 2009–ൽ സുവിശേഷപ്രവർത്തനം ആരംഭിച്ചു. 2009–ൽ ആരംഭിച്ച പ്രവർത്തന ഫലമായി 60–ൽ അധികം ആളുകൾ രക്ഷിക്കപ്പെടുവാൻ ഇടയായി. ഇവരിൽ നിന്നും 5 കുടുംബം വേർപാടു സത്യങ്ങൾ മനസ്സിലാക്കി മുന്നോട്ടു വന്നതിനാൽ 2009–ൽത്തന്നെ പുതിയ നിയമ ഉപദേശ പ്രകാരമുള്ള സ്ഥലം സഭാ കൂടിവരവു ആരംഭിച്ചു. 20–ൽ അധികം പേർ കൂടിവരുന്നുണ്ട്. ഇപ്പോൾ 6 വർഷമായി വാടക കെട്ടിടത്തിൽ ഞങ്ങൾ കുടുംബമായി താമസിക്കുകയും അവിടെ ബൈബിൾ ക്ലാസ്സുകളും ആരാധനയും മറ്റു നമ്മുടെ ഇടയിലെ ശുശ്രൂഷകളും നടത്തിവരുന്നു. വീട്ടുടമസ്ഥൻ അതൃപ്തി പ്രകടിപ്പിച്ചതിനാൽ 1 വർഷമായി സ്വന്തമായ ഒരു സ്ഥലത്തിനു വേണ്ടി സഭ ശ്രദ്ധയോടെ പ്രാർത്ഥിക്കുകയായിരുന്നു. തത്ഫലമായി സൗകര്യപ്രദമായ 41/4 സെന്റു സ്ഥലവും അതിനകത്ത് 20 X 20 നീളത്തിൽ ഫൗണ്ടേഷൻ കെട്ടിയതും ജനൽ മട്ടം വരെ ഹോളോബ്രിക്സ് കെട്ടി നിറുത്തിയിരിക്കുന്നതുമായ സ്ഥലം 4 ലക്ഷം രൂപക്ക് വില പറഞ്ഞു സമ്മതിച്ച് സഭയായി 50000 അഡ്വാൻസ് കൊടുത്ത് 4 മാസത്തിനകം സഭയുടെ പേരിൽ രജിസ്റ്റർ ചെയ്തു കൊള്ളാമെന്നും കരാർ എഴുതിയിരിക്കുന്നു. പിന്നത്തേതിൽ പ്രസ്തുത സ്ഥലം സ്റ്റുവേർഡ് അസ്സോസ്സിയേഷൻ ഇൻ ഇൻഡ്യയുടെ പേരിൽ എഴുതാൻ സഭ തീരുമാനിച്ചിരിക്കുന്നു. കൂടാതെ ഇതിന്റെ ബാക്കി പണി നടത്തി കൂടിവരവിന് യോഗ്യമാക്കിത്തീർക്കുവാൻ 6 ലക്ഷം രൂപ ആവശ്യമാണ്. അങ്ങനെ 10 ലക്ഷം രൂപ വേണ്ടി വരുന്നു. ദൈവമക്കൾ തങ്ങളാൽ കഴിയുന്നത്ര സാമ്പത്തിക സഹായങ്ങൾ നല്കി ഞങ്ങളുടെ ആവശ്യത്തെ സഫലമാക്കി തീർക്കണമെന്നും വിനയപൂർവ്വം തിരുനാമത്തിൽ അഭ്യർത്ഥിക്കുന്നു. ഈ ആവശ്യത്തിലേക്ക് തേരന്നൂർ ബ്രദറൺ സഭയുടെ പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് സുവി. എം.പി. സജു, ഡി. സുരേഷ്കുമാർ എന്നിവരുടെ പേരിൽ ആരംഭിച്ചിട്ടുണ്ട്. Account No: 67107378973, State Bank of Travancore, Branch Neyyattinkara. IFSC: SBTR 0000042. Trivandrun, Kerala. വിലാസം: എം.പി. സജു, ഷാരോൻ ഹൗസ്, തേരന്നൂർ, പുന്നക്കാട്, പെരുംമ്പഴത്തൂർ പി.ഒ, 695126, ഫോൺ: 9947031599. സഭയ്ക്കു വേണ്ടി, സുരേഷ് കുമാർ. ഡി, സോമൻ, സുവി. എം.പി. സാജു.

**STEWARDS ASSOCIATION IN INDIA**
**4, John Armstrong Road, Richards Town,**
**Bangalore 560005**
**Email: stewards.assn@gmail.com**
**Tel: 080-24567067**

## Chennai / Tamil Nadu Flood Relief Fund – An Appeal

Dear Brethren in Christ,

Greetings to you in the precious name of our Lord & Saviour Jesus Christ.

In the wake of the catastrophic flood which devastated the city of Chennai and other neighbouring areas of Tamil Nadu, India, we are still in the process of making a realistic study of the ground reality of the quantum of losses and damages incurred to properties of our Assembly Buildings and that of our believers. In this collection of data, we are giving special emphasis to the Assemblies where the believers hail from the lower strata of society and are not capable of rebuilding their house of worship by themselves. We are infact more concerned about many of our fellow brethren who find it difficult to make both ends meet even in normal circumstances, but who have lost everything as an aftermath of this natural disaster.

Stewards Association in India would like to extend a helping hand to the majority of our brethren who lost their homes, means of livelihood and their lifetime savings in the deluge. We are thus duty bound to do all we can to bring a little solace in the lives of all our brethren who are in sheer need of God's provisions at this time of loss and despair. In effect, we wish to be a catalyst in God's hand, to be used by Him in this hour of dire need.

We appeal to our benevolent Brothers and Sisters both in India and abroad to come together as one family and strengthen our hands to support this noble cause. You have been our backbone all these past years and we rest assured that we will be blessed by your valuable patronage this time as well. As it is our responsibility to ensure that our fellow brethren be restored to a normal life once again, we have decided to initiate a fund towards this mission.

We humbly request all dear brethren to open your hearts as well as your resources and contribute large heartedly towards this venture. Let our Lord bless each one of you richly for your kind generosity. Our friends and well wishers in India and in different parts of Gulf Countries (if your contribution is in Indian Currency) can contribute towards this goal in the following Account: State Bank of Travancore, Cox Town, Bangalore; Account No. 57004052113; MICR 560009005; IFSC code SBTR 0000428; Swift code SBTRINBBFED

Our Donors in the US and other western countries can tender their gifts in the following FC account: State Bank of Mysore, Cooke Town, Bangalore; Account No. 54004462563; IFSC SBMY 0040190; MICR 560006014; Swift code SBMYINBB684.

Kindly send us a note as an E mail stating that you have remitted the gift in the above Accounts. Voluntary Contributions from all sources in India as well as from abroad and the details of recipients of the fund will be reflecting in the SAI website www.stewards-india.com

***Those of our Brethren in Tamil Nadu who are in desperate need of financial assistance at this point of time may kindly forward your applications to us through the Tamil Nadu Advisory Committee of Stewards Association in India – Bro. D. R. Simon, President and Bro. Robert Thomas, Secretary, Mobile – 94424 18896.***

With warm Christian Greetings,

Adv. Raju M. Koshy M.Sc. LL.M.
General secretary and Treasurer

## സുവിശേഷവയലിലേക്ക്

**പടുപ്പ്, കാസർഗോഡ്:** 2005-ൽ റോമൻ കാത്തലിക്ക പശ്ചാത്തലത്തിൽ നിന്നും കുടുംബമായി രക്ഷിക്കപ്പെട്ട് വന്ന സഹോ. റാഫേൽ ഒ.യു (റോയി) അന്നു മുതൽ സഭയോട് ചേർന്ന് ആരാധിക്കുകയും നല്ല സാക്ഷ്യം പുലർത്തി കൂട്ടായ്മയിൽ തുടരുകയും ചെയ്യുന്നു. അപ്പോൾ തന്നെ വളരെ ഉത്സാഹത്തോട് കൂടെ സഭാപ്രവർത്തനങ്ങളിലും സുവിശേഷപ്രവർത്തനങ്ങളിലും പങ്കു ചേർന്ന് വന്നു. 2013 ഒക്ടോബറിൽ പൂർണ്ണ സമയ സുവിശേഷ വേലയ്ക്കായി സമർപ്പിക്കപ്പെട്ടു. കഴിഞ്ഞ ഒരു വർഷമായി സഭയോടും സുവിശേഷകനോടും മറ്റു സുവിശേഷകന്മാരോടും ചേർന്ന് സുവിശേഷവേലയിൽ ഏർപ്പെട്ട് പോരുന്നു. തന്റെ വിളിയും സമർപ്പണവും സഭയ്ക്ക് ബോധ്യമായ സാഹചര്യത്തിൽ ദൈവമക്കളുടെ മുമ്പാകെ സഹോദരനെ പരിചയപ്പെടുത്തുന്നതിൽ സഭയ്ക്ക് സന്തോഷം ഉണ്ട്. സഹോദരന് ഭാര്യയും മൂന്ന് മക്കളും ഉണ്ട്. ആയതിനാൽ റാഫേൽ സഹോദരനെ നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുകയും സഹായസഹകരണങ്ങൾ നൽകയും ചെയ്യേണമേ എന്ന് ദൈവസ്നേഹത്താൽ ഞങ്ങൾ സഭയായി അഭ്യർത്ഥിച്ചുകൊള്ളുന്നു. ഇപ്പോൾ താൻ കുമ്പനാട് ബഥനി ബൈബിൽ സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്നു. സഭയ്ക്കു വേണ്ടി, ദേവസ്യ കവിയിൽ, ജേക്കബ്ബ് മാത്യു, സുവി. കോളിൻസ് മാത്യു. വിലാസം: റാഫേൽ ഒ.യു, Ousephparambil, Chikkandamoola, Chamakochi P.O, Chengala Via, Kasargod 671541.

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**കുമ്പനാട്:** പെനിയേൽ ബ്രദറൺ ഗോസ്പൽ ടീം മധുര ജില്ലയിലെ നാഗമല-പുതുക്കോട്ട, പാലമേട്, ചെക്കാനുസരണി എന്നീ സ്ഥലങ്ങളിലും കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളിയിലും സുവിശേഷക്യാമ്പുകൾ നടത്തി. കൂടാതെ കേരളത്തിൽ ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ പരസ്യയോഗങ്ങൾ, മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവത്ക്കരണം, ട്രാക്റ്റ് വിതരണം തുടങ്ങിയ ശുശ്രൂഷകൾ 183 സ്ഥലങ്ങളിൽ നടത്തി. ആത്മഭാരമുള്ള സമർപ്പിതരായ സഹോദരന്മാർ ഈ ശുശ്രൂഷകളിൽ സഹകരിച്ചുപോരുന്നു. ഈ വർഷം ദൈവമക്കളുടെ സഹകരണത്തിൽ ടീമിനായി ഒരു വാഹനം ലഭിച്ചു. ഇനിയും ടീമിനായി മൈക്ക് സെറ്റ് ആവശ്യമുണ്ട്. 70,000/- രൂപ വേണ്ടി വരും. ടീമിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത് തമിഴ്നാട്ടിലുള്ള പി.പി. പ്രസന്നൻ, സജി ഡേവിഡ്, അലക്സ് എന്നീവരുടെ താത്പര്യപ്രകാരമാണ്. പട്ടണത്തിൽ നിന്നും 25-ഉം 30-ഉം കിലോമീറ്റർ ദൂരെയുള്ള ഗ്രാമങ്ങളിൽ പോയി സുവിശേഷീകരണം ചെയ്തു വരുന്നു. ഇതിന് ഭാരിച്ച ചെലവുകൾ ഉണ്ട്. കർത്താവ് ഇതുവരെയും കാര്യങ്ങൾ നിറവേറ്റുവാൻ സഹായിക്കുന്നു. തുടർന്നും ഈ ശുശ്രൂഷയെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുക. 2016 ഫെബ്രുവരി 22 മുതൽ 27 വരെ തിരുന്നൽവേലി ജില്ലയിൽ വേലായുധപുരത്ത് വടിവേലുവിനോട് ചേർന്ന് ടീം ക്യാമ്പ് നടത്തുവാൻ ആഗ്രഹിക്കുന്നു. ടീം അംഗങ്ങളെയും പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുകയും പിൻബലം നൽകി പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണമേ. ടീമിന് വേണ്ടി, പി.കെ. ബാബു, ജോയി തോമസ്, ബന്ധപ്പെടേണ്ട വിലാസം: സുവി. പി.കെ. ബാബു, പാലവിള പെനിയേൽ, മാവേലിൽ ഹൗസ്, മാരാമൺ പി.ഒ, തിരുവല്ല. ഫോൺ: 9496789801, 9995423986.

**തൃക്കൈക്കൂത്ത് (മലപ്പുറം):** 2015 നവം. 12 മുതൽ ഡിസം. 10 വരെ വണ്ടൂരിലും ചുറ്റുപാടുള്ള പ്രദേശങ്ങളിലും ഒരു മാസത്തെ ഗോസ്പൽ ക്യാമ്പയിൻ പ്രവർത്തനം നടത്തുന്നതിനും 2015 ഡിസം. 7 മുതൽ 10 വരെ തൃക്കൈക്കൂത്ത് സുവി. കെ.പി. മത്തായിയുടെ ഭവനാങ്കണത്തിൽ വെച്ച് സുവിശേഷയോഗങ്ങൾ നടത്തുന്നതിനും കർത്താവു കൃപ ചെയ്തു. ഭവനസന്ദർശനം മൂലം 12 വ്യക്തികൾ കർത്താവിനെ ഏറ്റുപറഞ്ഞു സ്വീകരിപ്പാൻ ഇടയായി. 104 സഹോദരന്മാർ പ്രവർത്തനങ്ങളിൽ പങ്കുവഹിച്ചു. ജനു. 15 മുതൽ പ്രവർത്തനം വീണ്ടും തുടരുകയാണ്. ഒരു സഭാകൂടിവരവ് ഉണ്ടാകുന്നതു വരെ പ്രവർത്തിക്കുവാനാണ് ഞങ്ങൾ സഭയായി ആഗ്രഹിക്കുന്നത്. ദൈവജനം തുടർന്നും ഈ പ്രവർത്തനങ്ങളെ ഓർത്തു പ്രത്യേകം പ്രാർത്ഥിക്കുക. തൃക്കൈക്കൂത്ത് നോർത്ത് ബ്രദറൺ സഭയ്ക്കു വേണ്ടി, സുവി. കെ.പി. മത്തായി, വി.എ. ഉമ്മൻ, റോയി. വി.ഒ, ഷിജു മത്തായി. വിലാസം: കെ.പി. മത്തായി, കൊച്ചുവീട്ടിൽ, പി.ഒ. ബോക്സ്: 112, തൃക്കൈകൂത്ത്, മലപ്പുറം. ഫോൺ: 9656350851.

**വെളിയംകോട്, തിരുവനന്തപുരം:** തിരുവനന്തപുരം ജില്ലയിൽ വെളിയംകോട് ബ്രദറൺ സഭയ്ക്ക് പുതുതായി പണികഴിപ്പിച്ച സഭാഹാളിന്റെ സ്തോത്രശുശ്രൂഷ 28.11.2015 ശനിയാഴ്ച്ച 3 പി.എം-ന് നടന്നു. പ്രസ്തുത യോഗത്തിൽ ഡോ. കെ.സി. ജോൺസൺ അദ്ധ്യക്ഷനായിരുന്നു. ബാബുവർഗ്ഗീസ് (യു. എസ്. എ.) ഹാളിന്റെ സമർപ്പണശുശ്രൂഷ നിർവ്വഹിച്ചു. രണ്ടു സഹാദരങ്ങളുടെ സ്നാനശുശ്രൂഷ ബാബുവർഗ്ഗീസ് നിർവ്വഹിച്ചു. ഹാളിന്റെ പണിയെ ഓർത്ത് പ്രാർത്ഥിക്കുകയും സാമ്പത്തിക കൂട്ടായ്മ നൽകി സഹായിക്കുകയും ചെയ്ത വ്യക്തികളോടും സഭകളോടും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നതോടൊപ്പം വെളിയംകോട് സഭയെയും പ്രവർത്തനങ്ങളെയും തുടർന്നും പ്രാർത്ഥനയിൽ ഓർക്കുക. സഭയ്ക്കു വേണ്ടി, വിൽസൻ. ആർ, എം.കെ. ചാക്കോച്ചൻ, ഡി. സാംകുട്ടി. വിലാസം: സുവി. സത്യദാസ്, ക്രൈസ്റ്റ് ഹൗസ്, അമ്മാനൂർക്കോണം, നരുവാമൂട് പി.ഒ, 695528, ഫോൺ: 9746169600.

**തൊടുപുഴ:** 26/12/2015-ൽ 2 സഹോദരിമാരുടെ സ്നാനം നടക്കുവാൻ കർത്താവ് കൃപ ചെയ്തു. കാഴ്ചക്കാരും കേൾവിക്കാരുമായി അനേകർ വന്നു കൂടിയിരുന്നു. സഭയേയും സഭയുടെ പ്രവർത്തനങ്ങളേയും പ്രാർത്ഥനയിൽ ഓർക്കണമെന്ന് അപേക്ഷിക്കുന്നു. സഭയ്ക്ക് വേണ്ടി, റെജി പൗലോസ്, സുവി. കെ.ഒ. ജോസ്. ഫോൺ: 9495353702. വിലാസം: കെ.ഒ. ജോസ്, കോവപുരക്കൽ ഹൗസ്, ക്രിസ്റ്റൻ ബ്രദറൺ ചർച്ച്, തൊടുപുഴ, കോലാനി പി.ഒ, ഇടുക്കി, 685608.

**വൈ.എം.ഇ.എഫ് കുമ്പനാട് സെന്റർ:** 2015 സെപ്റ്റംബറിൽ ആനിക്കാട് വച്ചും നവംബറിൽ ചുഴനയിൽ വച്ചും ഏകദിന സമ്മേളനവും സുവിശേഷപ്രവർത്തനവും നടത്തി. വെണ്ണിക്കുളം കിടങ്ങന്നൂർ എന്നിവിടങ്ങളിൽ വച്ച് പ്രാർത്ഥനാ കൂടിവരവും നടക്കുവാനിടയായി. ഡിസം. 6-ന് വെണ്ണിക്കുളത്തു വച്ചു കൂടിയ കമ്മറ്റി മീറ്റിംഗിൽ അടുത്ത ഒരു വർഷത്തേക്കുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുകയുണ്ടായി. 2016-ൽ 6 സുവിശേഷപ്രവർത്തനങ്ങളും, 3 ഏകദിന സമ്മേളനങ്ങളും, 3 പ്രാർത്ഥന കൂടിവരവുകളും നടത്തുവാൻ തീരുമാനിച്ചു. പ്രവർത്തനങ്ങളെ ഓർത്തു ദൈവജനം പ്രാർത്ഥിച്ചാലും. കെ.എം. മാത്യു, സെക്രട്ടറി: ഫോൺ: 9446754076.

**കവിയൂർ:** കവിയൂർ ബ്രദറൺ അസംബ്ലിയിൽ ഇപ്പോൾ 45 പേർ കൂട്ടായ്മയിൽ ഉണ്ട്. 10.1.2016-ൽ 4 പേർ സ്നാനപ്പെടുവാൻ ഇടയായി. ഈ സ്ഥലം സഭയിലെ പ്രവർത്തനങ്ങൾ സന്തോഷകരമായി തുടരുന്നു. സഹോ. മാത്യു. പി. ജോൺ കുടുംബമായി സ്ഥലം സഭയിൽ സുവിശേഷവേലയിൽ ഏർപ്പെട്ടു വരുന്നു. തുടർന്നും ഈ സ്ഥലം സഭയിലെ പ്രവർത്തനങ്ങളെ ഓർത്തു ദൈവജനം പ്രാർത്ഥിക്കേണമേ. സഭയ്ക്കു വേണ്ടി, സാംകുട്ടി ശാമുവേൽ, കെ.സി. ജേക്കബ്, മാത്യു പി. ജോൺ. വിലാസം:

ബ്രദറൺ അസംബ്ലി കവിയൂർ, സാംകുട്ടി ശാമുവേൽ, പ്ലാംതോട്ടത്തിൽ, കോട്ടൂർ പി.ഒ, കവിയൂർ, തിരുവല്ല, 689582.

## രോഗികൾ

**തോട്ടപ്പള്ളി, കോട്ടയം:** തോട്ടപ്പള്ളി ബ്രദറൺ സഭയിലെ മൂപ്പന്മാരിൽ ഒരാളായ റ്റി.ജെ. ദാനിയേൽ കഴിഞ്ഞ 15 വർഷങ്ങലായി ഹൃദ്രോഗത്താൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ചികത്സയിൽ കഴിഞ്ഞുവരികയാണ്. ഈ കാലയളവിൽ തനിക്ക് നാലു പ്രാവശ്യം രോഗം മൂർച്ഛിക്കുവാനിടയായിട്ടുണ്ട്. 2015 ഡിസംബറിൽ തനിക്ക് നേരിട്ട പ്രയാസം മൂലം ആൻജിയോഗ്രാം ചെയ്തപ്പോൾ നാലു ബ്ലോക്കുകൾ ഉണ്ടെന്ന് കണ്ടുപിടിക്കുകയും അതിൽ ഒന്ന് 99 ശതമാനം ആയതിനാൽ 2016 ജനു. 27-ന് ബൈപാസ് സർജറി അടിയന്തിരമായി ചെയ്യുവാൻ നിർദ്ദേശിച്ചിരിക്കയാണ്. ബൈപാസ് സർജറിക്കും തുടർന്നുള്ള ചികത്സയ്ക്കുമായി മൂന്നു ലക്ഷത്തോളം രൂപ ആവശ്യമായി വന്നിരിക്കയാണ്. ഭാര്യയും രണ്ട് പെൺമക്കളും അടങ്ങിയ കുടുംബമാണ് തനിക്കുള്ളത്. മൂത്തമകൾക്കുള്ള ജോലിയിലൂടെ ലഭിക്കുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് കുടുംബം കഴിഞ്ഞു പോരുന്നത്. ഇളയമകൾ വിദ്യാഭ്യാസം ചെയ്യുകയുമാണ്. ഈ പ്രത്യേക സാഹചര്യത്തിൽ ദൈവജനം സഹോദരനെ ഓർത്ത് പ്രാർത്ഥിക്കുകയും നേരിട്ടിരിക്കുന്ന സാമ്പത്തിക ആവശ്യം നിറവേറ്റുന്നതിനായി സഹായിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചു കൊള്ളുകയും ചെയ്യുന്നു. സുവി. ഇ.സി. ജോൺ 9048862887, ജയിംസ് ജോൺ 994789745, എം.എം. സേവ്യർ, സന്തോഷ് ജോസഫ്, വി.എം. ജോഷി. സഹോദരന്റെ വിലാസം: റ്റി. ജെ. ഡാനിയേൽ, തോട്ടപ്പള്ളി ഹൗസ്, ളാക്കാട്ടൂർ പി.ഒ., കോട്ടയം. ഫോൺ: 9745795190. Account No: 247301000003121, IFSC: IOBA0002473, Indian Overseas Bank, Pampady.

**പടിഞ്ഞാറ്റേത്തറ:** ഈ സഭയിലെ മൂപ്പന്മാരിൽ ഒരാളായ സഹോദരൻ വി.എം. ജോണിന് താടിയിൽ ചില മുഴകൾ ഉണ്ടാകുകയും അത് കോട്ടയം മെഡിക്കൽ കോളേജിലെ പരിശോധനയിൽ ക്യാൻസർ എന്ന് വ്യക്തമായതിനാൽ ഓപ്പറേഷൻ ചെയ്തു മാറ്റി. എന്നാൽ തുടർന്ന് കരളിന് രോഗം ബാധിച്ചിരിക്കുന്നതിനാൽ കീമോ ചെയ്തു കൊണ്ടിരിക്കുന്നു. ഒരു വർഷത്തെ ചികത്സയാണ് ഡോക്ടന്മാർ നിർദ്ദേശിച്ചിരിക്കുന്നത്. സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന സഹോദരനായതിനാൽ ചികത്സാ ചെലവുകൾക്കായി ഭാരപ്പെടുന്നു. ദൈവജനം സഹോദരനെ പ്രാർത്ഥനയിൽ പ്രത്യേകാൽ ഓർക്കുകയും സാമ്പത്തിക കൂട്ടയ്മ നൽകി സഹായിക്കുകയും ചെയ്യണമെന്ന് അറിയിച്ചുകൊള്ളുന്നു. സഹോദരന്റെ ഭാര്യയുടെ പേരിലുള്ള അക്കൗണ്ട് നമ്പർ ചേർക്കുന്നു. അമ്മിണി ജോൺ, Account No: State Bank of Travancore, Vanchickapuzha, West Othera, 67016140772. സഭയ്ക്കുവേണ്ടി, എം.ഒ. രാജു, സുവി. ജോബ്. എം.ജെ. ഫോൺ: 04692616896.

## കർത്തൃസന്നിധിയിൽ

**കുമ്പനാട്:** കുമ്പനാട് ബ്രദറൺ സഭാമൂപ്പന്മാരിൽ ഒരാളായിരുന്ന മുതിരക്കാലായിൽ എം.ജെ. ശാമുവേൽ (85) 12.01.16-ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതിക ശരീരം 16.01.16-ന് സഭാഹാളിൽ ക്രമീകരിച്ചിരുന്ന അനുസ്മരണ ആശ്വാസസന്ദേശങ്ങൾക്കു ശേഷം അനേക വിശ്വാസികളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയിൽ സഭവക സെമിത്തേരിയിൽ സംസ്ക്കരിച്ചു. ഭാര്യ മറിയാമ്മ ഇലന്തൂർ കല്ലിൽ കുടുംബാംഗമാണ്. മക്കൾ-മരുമക്കൾ: കുഞ്ഞന്നമ്മ-കെ.എം. തങ്കച്ചൻ, ആലീസ്-ജോൺകുട്ടി എം. ചാക്കോ, വൽസ-സാമുവേൽ തോമസ്, ജോൺ ശാമുവേൽ-ജോസ്ലി ജോൺ. ദു:ഖിതരായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കണമേ. (സി.എ.ജി)



**പെരിങ്ങോട് (തൃശ്ശൂർ):** പെരിങ്ങോട് ബ്രദറൺ സഭാംഗം തോലത്ത് ദാനിയേൽ ഭാര്യ സാറാമ്മ (സുവി. കെ.ഡി. ജോൺസൺന്റെ ഭാര്യാമാതാവ്) താൻ പ്രിയം വെച്ച പ്രത്യാശാതീരമണഞ്ഞു ഉയിർപ്പിൻ പ്രഭാതത്തിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ കുന്ദംകുളം അടുപ്പുട്ടി വി നാഗൽ ബറിയൽ ഗ്രൗണ്ട് സെമിത്തേരിയിൽ സംസ്ക്കാരം നടത്തി. മക്കൾ: റോയ്, വിജി, റെജി. മരുമക്കൾ: സാലി, ജോൺസൺ, പ്രിയ. (കെ.ഡി. ജോൺസൺ).

**ളാക്കാട്ടൂർ:** ളാക്കാട്ടൂർ ബ്രദറൺ സഭയുടെ മൂപ്പൻ ആയിരുന്ന കെ.കെ. വർഗീസന്റെ ഭാര്യ മറിയാമ്മ വർഗീസ് (82) ഡിസംബർ 18-ന് താൻ പ്രിയം വെച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 20-ന് അനേകം ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ ളാക്കാട്ടൂർ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. മക്കൾ: ആലീസ്, ചാക്കോ വർഗീസ്, ടി.വി. തോമസ്, ടി.വി. ഈപ്പൻ, സുവി. ടി.വി. മാത്യു (മേലുകാവ്); മരുമക്കൾ: പരേതനായ തമ്പി, ഗ്രേസിക്കുട്ടി, കൊച്ചുമോൾ, ബെറ്റി, അനു. ദുഃഖത്തിലായിരിക്കുന്ന പ്രിയപ്പെട്ടവരുടെ ആശ്വാസത്തിനായി ദൈവമക്കൾ പ്രാർത്ഥിക്കുക (അഭിലാഷ് ളാക്കാട്ടൂർ).

## കൺവൻഷൻ/ക്യാമ്പ്

**വിമൻസ് ബൈബിൾ ക്യാമ്പ്, കുമ്പനാട്:** കുമ്പനാട് സെന്റർ സോദരിസമാജത്തിന്റെ ആഭിമുഖ്യത്തിൽ 12 വയസ്സിനു മേൽ പ്രായമുള്ള യുവസഹോദരിമാർക്കായി വർഷം തോറും നടത്തിവരുന്ന വിമൻസ് ബൈബിൽ ക്യാമ്പ് ഈ വർഷവും 2016 ഏപ്രിൽ 4 തിങ്കൾ മുതൽ 9 ശനി രാവിലെ 10 മണി വരെ കുമ്പനാട് ബ്രദറൺ സഭാ ഹാളിൽ വെച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ ബൈബിൾ ക്ലാസ്സ് എടുക്കുന്നത് സുവി. ബിജു ആലടി ആണ്. ഈ

RNI.No. 36067/ 81
Postal Reg. No. KL/TLA/44/2015-17 dt.17-12-14
Date of Publication : 10/2/2016
Annual Subscription Rs - 100/-

ആത്മപ്രകാശിനി

If undelivered Please return to:
Published at:
Athma Prakashini
P.B.No.10, Kumbanad, Thiruvalla
Pathanamthitta Dist.
Kerala - 689 547.
Printed and Published by
C.A.George at Evangel Press,
Thiruvalla, Pathanamthitta.
Editor: Dr. O.M.Samuel

ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2016 ഏപ്രിൽ 4 രാവിലെ 10 മണിക്ക് കുമ്പനാട് ബ്രദറൺ സഭാഹാളിൽ വന്നു ചേരേണ്ടതാണ്. കുമ്പനാട് സെന്റർ സോദരിസമാജത്തിനു വേണ്ടി, സെക്രട്ടറി എലിസബേത്ത് ബെന്നി.

**തിരുവനന്തപുരം:** കർത്താവ് അനുവദിച്ചാൽ 2016 ഫെബ്രുവരി 26-28 വരെ കുന്നൻപാറ ബ്രദറൺ ചർച്ചിൽ വച്ച് സുവിശേഷയോഗങ്ങൾ നടക്കുന്നതാണ്. സഹോദരന്മാർ ഷാജി ജോൺ (തിരുവല്ല), ജയിംസ് ശാമുവേൽ (തിരുവനന്തപുരം), സാം സഖറിയ (കൊട്ടാരക്കര) എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതാണ്. ദൈവമക്കൾ പ്രാർത്ഥനയിൽ ഓർക്കുക. സഭയ്ക്കു വേണ്ടി, എസ്.ജി. ഗിൽബർട്ട്, ജി.സത്യം, രവീന്ദ്രൻ.

**വയനാട്:** പുൽപ്പള്ളി (ചെറ്റപാലം) ബ്രദറൺ ഗോസ്പൽ ചർച്ചിന്റെ ആഭിമുഖ്യത്തിൽ 2016 ഏപ്രിൽ 14 -17 തീയതികളിൽ സഭാങ്കണത്തിൽ വെച്ച് സുവിശേഷയോഗങ്ങളും സംഗീതശുശ്രൂഷയും നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. ഭവനസന്ദർശനവും, പരസ്യയോഗങ്ങളും നടക്കും. വ്യാഴം. വെള്ളി, ശനി ദിവസങ്ങളിൽ വി.ബി.എസ് നടത്തുവാനും തീരുമാനിച്ചിരിക്കുന്നു. ഈ മീറ്റിംഗിന്റെ അനുഗ്രഹത്തിനായ് ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു. എ.എൻ. വത്സലം, പി.വി.ജോർജ്ജ്, പാപ്പച്ചൻ.

**തിരുവനന്തപുരം:** സാന്ത്വനം ഗോസ്പൽ മിനിസ്ട്രീസ്സിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി തുടരുന്നു. പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുന്ന എല്ലാവർക്കും കർത്തൃനാമത്തിൽ നന്ദി അറിയിക്കുന്നു. ദൈവഹിതമായാൽ കഴിഞ്ഞ വർഷം നടത്തിയതു പോലെ നമ്മുടെ പ്രാദേശിക സഭകളുടെ സഹകരണത്തിൽ ഒരാഴ്ചത്തെ ദൈവവചന പഠന കോഴ്സ് ട്രിവാൻഡ്രം ബ്രദറൺ അക്കാഡമി എന്ന പേരിൽ ഈ വർഷവും പാറശ്ശാലയ്ക്കു സമീപമുള്ള പാം ഗാർഡൻസിൽ വെച്ച് മെയ് 1 മുതൽ 7 ശനി വരെ നടത്തുവാൻ കർത്താവിലാശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. ഈ കോഴ്സ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മാർച്ച് 26-ന് മുമ്പായി അപേക്ഷ ഫോം ലഭിക്കത്തക്ക വിധത്തിൽ അയച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു. അപേക്ഷ ഫോമിനും മറ്റു വിവരങ്ങൾക്കും ബന്ധപ്പെടേണ്ട വിലാസം: ട്രിവാൻഡ്രം ബ്രദറൺ അക്കാഡമി, പി.ബി. നമ്പർ 1, കുട്ടമല പി.ഒ, തിരുവനന്തപുരം 695505. ഫോൺ: 9633816555, 9946393593. (ജോഷ് ജോൺ, ഗോഡ്സൺ പി.എസ്സ്, സ്റ്റാലിൻ ദാസ്).

**പറവൂർ കൺവൻഷൻ:** പറവൂർ ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിലുള്ള കൺവൻഷൻ സഭാങ്കണത്തിൽ വച്ച് 2016 ഫെബ്രു. 11 മുതൽ 14 വരെ വൈകുന്നേരം 6 മുതൽ 8.30 വരെ നടക്കും. ബിജു ആലടിയും, ചാണ്ടപിള്ള ഫിലിപ്പും ദൈവവചനം ശുശ്രൂഷിക്കും. ജെയ്സൺ അങ്കമാലി ഗാനശുശ്രൂഷ നിർവ്വഹിക്കും. യോഗങ്ങൾ അനുഗ്രഹിക്കപ്പെടുവാനും ആത്മാക്കൾ രക്ഷിക്കപ്പെടുവാനും പ്രാർത്ഥിക്കണമേ. (മാത്യു. സി.ജോൺ, ഫോൺ: 09961098241).

**പത്തനംതിട്ട ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ബിരുദദാന സമ്മേളനവും ബൈബിൾ പ്രഭാഷണവും**

പത്തനംതിട്ട ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 18-ാമത് ബിരുദദാന സമ്മേളനം ദൈവഹിതമായാൽ 2016 ഫെബ്രുവരി 20-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ഇലന്തൂർ പരിയാരത്തുള്ള ബി.ബി.ഐ. ഓഡിറ്റോറിയത്തിൽ ഡോ. ഒ.എം. ശമുവേലിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്നതായിരിക്കും. കൂടാതെ ഫെബ്രുവരി 18 വ്യാഴം, 19 വെള്ളി എന്നീ ദിവസങ്ങളിൽ വൈകിട്ട് 6 മുതൽ 8. 00 വരെ ബി.ബി.ഐ. ഓഡിറ്റോറിയത്തിൽ (ഇലന്തൂർ പരിയാരം) വിശ്വാസികൾക്കായി ക്രമീകരിച്ചിരിക്കുന്ന പ്രത്യേക യോഗങ്ങളിലേയ്ക്കും ഏവരേയും സ്വാഗതം ചെയ്യുന്നു. ഡോ. പി.സി. എബ്രഹാം (ബഹ്റിൻ) ബിരുദദാന സമ്മേളനത്തിലും വൈകിട്ടുള്ള യോഗങ്ങളിലും വചനശുശ്രൂഷ നിർവ്വഹിക്കുന്നതായിരിക്കും. ഈ സമ്മേളനത്തിലേക്കും യോഗങ്ങളിലേക്കും ഏവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. **(ഒ. റ്റി. ചെറിയാൻ, സെക്രട്ടറി: +91 -9961318605)**

## വിലാസമാറ്റം

**തിരുവനന്തപുരം:** തിരുമല ബ്രദറൺ സഭയ്ക്കുള്ള കത്തുകളും അറിയിപ്പുകളും താഴെക്കാണുന്ന വിലാസത്തിൽ അയക്കുവാൻ അഭ്യർത്ഥിക്കുന്നു. ജെയ്സൺ ഡി.ജോസഫ്, ജെ.ആർ.എ - 912, ആറ്റുവിളകം, തിരുമല പി.ഒ, തിരുവനന്തപുരം, 695006. (യോഹന്നാൻ എബ്രഹാം, ഭാനു ജെ. മാത്യൂസ്, ഫോൺ: 9446846226).